# പഞ്ചാംഗം.

---

എപ്പകത്തി ൧൯. ൹൨൭ ൧ ൨൨൦ ഞായറാഴ്ച അക്ഷരം. ൪

## ൧൯൨൯ ഡിസംബർ.— ൧൧൦൫ വൃശ്ചികം-ധനു.

| | | | | | |
|---|---|---|---|---|---|
| ● | 1 | 16 | ഞാ | ✠ ആഗമനം ൧-ാം ഞായർ ന. കു. ആ. .൨൦൨൨൭ .൭ .൨ .൭ | റോ. |
| | | | | അടുത്ത ൬-ാംനു- ആദ്യവെള്ളി. | |
| | 2 | 17 | തി | ക. വേ. വിവിയാനാ ന. ആ. കു. വെ. | ച്യ. |
| | 3 | 18 | ചൊ | ✻മൌ. പ്രംസീസ്സോസ് ശൌയ്ശ്ലർ ന. ആ. കു. വെ. | വെ. |
| | | 19 | ബു | തൃശ്ശൂർ മെത്രാനച്ചൻ തിരുമനസ്സിലെ നാമകാരണൻ. | |
| | 4 | | | ക. വേ. ബർബരാ ന. ആ. കു. വെ. | ച്യ. |
| | 5 | 20 | വ്യാ | ആബാ. സാബാ. ന. ആ. കു. വെ. | വെ. |
| | | | | അമ്പഴക്കാട്ടു ൪൦ മണി ആരംഭം. | |
| | 6 | 21 | വെ | അപ്പ. മൌ. നിക്ലാവോസ് ന. ആ. കു. വെ. | വെ. |
| | 7 | 22 | ശ | അ. മൌ. മല്പാൻ അംബ്രോസീസ് ന. ആ. കു. വെ. | വെ. |
| | 8 | 23 | ഞാ | ✠ ആഗ. ൨-ാംഞാ. എ. ഭാ. ക. മാതാവിൻെറ | |
| | | | | അമലോത്ഭവം ന. കു. വെ. .൨൦ .൨ .൨ | വെ. |
| | | | | കന്യക മറിയത്തിൻെറ അമലോത്ഭവം പാലാ ചങ്ങനാശ്ശേരി, എങ്ങണ്ടിയൂർ. ഭരണങ്ങാനം വി. പ്രാൻസി. തിരു. | |
| | 9 | 24 | തി | അമലോ. എം. ന. ആ. കു. വെ. | വെ. |
| | 10 | 25 | ചൊ | വേ. പാ. മെൽക്കിയാദീസ് ന. ആ. കു. വെ. | ച്യ. |
| | 11 | 26 | ബു | മൌ. പാ. ദമസ്സൂസ് ന. ആ. കു. വെ. | വെ. |
| | 12 | 27 | വ്യാ | അമ. മാതാ. എം. ന. ആ കു. വെ. | വെ. |
| | 13 | 28 | വെ | ക. വേ. ലൂക്കിയാ ന. ആ. കു. വെ. | ച്യ. |
| | 14 | 29 | ശ | ക. മ. അമ. എ. ന. കു. വെ. | വെ. |
| | 15 | 30 | ഞാ | ✠ ആഗമനം. ൩-ാം ഞ. ന. കു. ആ. .൦൨ .൧ .൭ | റോ. |
| ◐ | 16 | 1 | തി | അപ്പ. വേ. എവുസേബിയൂസ് ന. ആ. കു. വെ. | ച്യ. |
| | | | | ന. കു. പിറവിത്തിരുനാളിന്നാസ്ഥ. നവനാൾജപങ്ങൾ തുടങ്ങുന്നു. | |
| | 17 | 2 | ചൊ | വേ. പ്രീമോസും ക്രൂട്ടരും ന. ആ. കു. വെ. (ജൂൺ ൯.) | ച്യ. |
| | 18 | 3 | ബു | (†)മാർ തോമ്മാശ്ലീ. മൈലാപ്പൂർ പ്രത്യ. ന.കു.വെ.പട്ടം. | ച്യ. |
| | 19 | 4 | വ്യാ | ✻മൌ. പ്രാൻസീസ് ന.ആ.കു. വെ. പ്രംസീ. (ജൂൺ 16) | വെ. |
| | 20 | 5 | വെ | മാർ തോമ്മാശ്ലീ. തലേനാൾ ന. ആ. കു. തലെ. | റോ. |
| | 21 | 6 | ശ | (†) ന. പി. മാർ തോമ്മാശ്ലീ ന. കു. വെ. പട്ട. | ച്യ. |
| | 22 | 7 | ഞാ | ✠ ആഗ. ൪-ാം ഞാ. ന. കു. ആ. .൭ .൨ .൨ | റോ. |
| | | | | അടുത്ത ചൊവ്വാ ഒ. നെ. ബുധൻ കടം. | |
| | 23 | 8 | തി | ന. കു. ആ. | റോ. |
| | 24 | 9 | ചൊ | ന. ക. പിറവി. തലേനാൾ ന. ആ. കു. ഒ. നെ. | റോ |
| | 25 | 10 | ബു | ന. ക. പിറവി. ന. കു. വെ. | വെ. |
| | 26 | 11 | വ്യാ | (†) വേ. എസ്തപ്പാനോസ് ന. കു. വെ. | ച്യ. |
| | 27 | 12 | വെ | (†) ശ്ലീ. യോഹന്നാൻ ഏവൻ. ന. കു. വെ. | വെ. |
| | 28 | 13 | ശ | (†) ശു. കുഞ്ഞിപൈതങ്ങൾ ന. കു. വെ. | റോ. |
| | 29 | 14 | ഞാ | ✠ പിറവി ഇടഞാ. ന. കു. ആ. .൨൦ .൯ .൭ | റോ. |
| | 30 | 15 | തി | വെ. അ. വേ. തോമ്മാ ഇന്നലെ ന. ആ. കു. വെ. | ച്യ. |
| ◑ | 31 | 16 | ചെ | മൌ. പാ. സിൽവെസ്ത്രോസ് ന. ആ. കു. വെ. | വെ. |



൧൧-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട്.

# കർമ്മല കുസുമം.

പുസ്തകം ൨൭) ൧൯൨൯ ഡിസംബർ (ലക്കം ൧൨.


## മാർപ്പാപ്പാ മംഗളം.

(ശ്രീമാൻ എം. കെ. വറഗീസ് വാദ്ധ്യാർ.)

(ശ്രീരാമ ചന്ദ്രനേ എന്ന മട്ട്.)

ത്രിലോക നായകനാം
ശ്രീയേശു ദാസനാമീ
പീയൂസു പതിനൊന്നാം. മാ-ർപ്പാ-പ്പാ-
    പാരിടേ- ചിരം- വാണിടാൻ
    ഏശുവേ- കൃപ!- യേകണേ.
രക്ഷകനേശുതൻെറ
ശിഷ്യരിൽ ധന്യനായ
പത്രോസിൻ സ്ഥാനപതി- മാ-ർപ്പാ- പ്പാ
    മാരിൽ- ബഹു- ധന്യനാം
    പീയൂസ്- പതി- നൊന്നാം.
മാർപ്പാപ്പാ പുണ്യശീലൻ
മാലിന്യലേശഹീനൻ
മാലെന്യേ നൂറുകൊല്ലം വാ- ണീ- ടാൻ
    ആയുസ്സും- പുന- രാശിസ്സും
    ഏകണേ! പര- നേശുവേ.
മാലോകർ തന്നുടയ
മാനസാകാശമതിൽ
സൂര്യസമാനം വില- സീ- ടു- മീ
    പൂജ്യനാം- പോപ്പു- രാജനെ
    കാക്കണം- ജഗ-ദീശപരാ.
ക്രിസ്തുവാൽ സ്ഥാപിതമാം
സത്യസഭയിലേക
ഛത്രാധിപതിധന്യൻ മാ- ർപ്പാ- പ്പാ
    വാഴുക- ചിരം- വാഴുക;
    മാനവ- കുല- ദീപമേ.
(ത്രിലോ ...)

## പ്രസാധകക്കുറിപ്പുകൾ.

### ജൂബിലിമാഹാത്മ്യം.

ഈ മാസത്തിൽ രണ്ടു ജൂബിലികളാണു വന്നു ചേർന്നിരിക്കുന്നതു്. ഡിസംബർ ൮-ാം നു- അമലോത്ഭവ പ്രസ്താവനയുടെ വജ്റ ജൂബിലിയും, ഡിസംബർ 21-ാം നു- പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ഗുരുപ്പട്ട സ്വർണ്ണജൂബിലിയും കൊണ്ടാടപ്പെടുന്നു. ദൈവ ജനനിയുടെ അമലോത്ഭവം വിശ്വാസ സത്യമായി പ്രഖ്യാപനം ചെയ്യപ്പെട്ടതിൻെറ സ്വർണ്ണജൂബിലി 1904 ഡിസംബറിൽ സാഘോഷം സർവ്വത്ര കൊണ്ടാടിയതിൻെറ സ്മരണ

ഇന്നും നവമായിത്തന്നെയിരിക്കുന്നു. ലൂർദിൽ എന്നും ഒരു അമലോത്ഭവ ജൂബിലി തന്നെയാണെന്നു പറയാം. ആകയാൽ ഈ അവസരത്തിൽ നാമും അമലോത്ഭവ നാഥയോടു ചേൎന്നു അനുമോദിക്കയും, അവിടത്തേ യോഗ്യമക്കളായി ജീവിക്കുന്നതിനു യഥാശക്തി ശ്രമിക്കുന്നതാണെന്നു സ്ഥിരമായ ഒരു പ്രതിജ്ഞ ചെയ്കയും വേണം. പാപ്പായും ഉം രാജാവുമായ പതിനൊന്നാം പീയൂസിൻെറ ഗുരുപ്പട്ട സ്വൎണ്ണജൂബിലി ദിവസം ഹൃദയപൂൎവ്വം ദൈവത്തിനു കൃതജ്ഞതാസ്തോത്രം ചെയ്യുന്നതോടുകൂടെ തിരുമേനി വിജയ സമേതം ഇനിയും ചിരകാലം വാണരുളുന്നതിനു ഉള്ളഴിഞ്ഞു പ്രാൎത്ഥിക്കുന്നതു അവിടത്തെ ആദ്ധ്യാത്മിക സന്താനങ്ങളേവരുടേയും ചുമതലയാണെന്നു പറയേണ്ടതില്ലല്ലോ.




## ക്രിസ്സ്മസ് മംഗളം.

"ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ മനുഷ്യൎക്കു സമാധാനവും പ്രത്യാശയും" എന്നുള്ള സ്വൎഗ്ഗീയകീൎത്തനം ഇതാ വീണ്ടും മുഴങ്ങുന്നു. മനുഷ്യരുടെ നേരേയുള്ള സ്നേഹത്താൽ ശിശുവായിപ്പിറന്ന ആ ദൈവപുത്രൻെറ സ്മരണ, പുൽക്കൂട്ടിൽ കുളിരാൽ വിറച്ചുനിലവിളിക്കുന്ന ആ ദിവ്യപൈതലിൻെറ കാഴ്ച, ഏതൊരു ഹൃദയത്തെയാണു ആനന്ദിപ്പിക്കാത്തതു. ജീവിതഭാരങ്ങളെയെല്ലാം നാം വിസ്മരിച്ചുപോകുന്നു; സ്നേഹത്തിലേക്കു നാം ആകൎഷിക്കപ്പെട്ടുപോകുന്നു. ഇതാകുന്നു സാക്ഷാലുള്ള ക്രിസ്ത്യാനിയുടെ ക്രിസ്സ്മസ് സന്തോഷം. ഈവിധമുള്ള ഹൃദയാനന്ദവും സമാധാന സംതൃപ്തികളും ബേസ്ലഹമ്മിലെ ആ ദിവ്യ ഉണ്ണി കുസുമവായനക്കാൎക്കെല്ലാംതന്നരുളുമാറാകട്ടെ എന്നു ഞങ്ങൾ സൎവ്വാത്മനാ പ്രാൎത്ഥിച്ചുകൊള്ളുന്നു.

## ദുക്റാനതിരുനാൾ.

ഡിസംബർ 21ാം തീയതി ആഘോഷിക്കപ്പെടുന്ന മാർ തോമ്മാശ്ലീഹായുടെ തിരുനാളാണു പുണ്യവാൻെറ മരണത്തിരുനാളെന്നു കുറേമുമ്പു ഒരുവാദം ഉത്ഭവിക്കയുണ്ടായല്ലോ. കൽദായസഭയുടെ പരമാദ്ധ്യക്ഷനായ ബാബേലിലെ മാർ അമ്മാനുവേൽ ദ്വിതീയൻ തോമ്മാ എന്ന കാസോലിക്കാ പാത്രിയൎക്കീസു തിരുമനസ്സിലെ തത്സംബന്ധമായ ഒരു തിരുവെഴുത്തിൽനിന്നു പ്രസ്തുത വിഷയംസംബന്ധിച്ച് ഇനി സംശയിപ്പാനില്ലെന്നു കാണാവുന്നതാണ്. തിരുമേനിപറയുന്നതായതു:-

..... ഇപ്പോഴത്തേപ്പോലെ, എക്കാലത്തും ജൂലൈ ൩-ാംനു- ആചരിച്ചിരുന്ന മാർ തോമ്മാശ്ലീഹായുടെ ഈ തിരുനാൾ ഏതു സംഭവത്തിൻെറ ഓൎമ്മയെയാണു കൊണ്ടാടുന്നതു? ഈ തിരുനാൾ അദ്ദേഹത്തിൻെറ വിശുദ്ധ മരണത്തേയും രക്തസാക്ഷിത്വത്തേയുമാണ് മറെറാന്നിനെയുമല്ല നമുക്കു ഓൎമ്മിപ്പിക്കുന്നതു എന്നു നാം പ്രസ്താവിച്ചുകൊള്ളുന്നു. കൂടാതെ മാർ തോമ്മാ ജൂലൈ മൂന്നാം തീയതി രക്തസാക്ഷിത്വമനുഭവിച്ചുമരിച്ചു എന്നുള്ള ഈ പാരമ്പൎയ്യം വേർപെട്ടുനില്ക്കുന്ന ഞങ്ങളുടെ റീത്തുകാരുടെ (നെസ്തോറിയരുടെ) ഇടയിലും (കത്തോലിക്കാ സഭയോടു) ഏകീഭവിച്ചവരും ഇടത്തൂട്ടുകാരും (യാക്കോബായക്കാരും) ഉൾപ്പെട്ട പാശ്ചാത്യസുറിയാനിക്കാരുടെ ഇടയിലും പൊതുവായി നിസ്സംശയം കാണപ്പെടുന്നു..."



# അമലോത്ഭവ വജ്റജൂബിലി.

(റവ. ഫാദർ റോമയോ തോമസ് സി. ഡി., എം. ഏ., എൽ. ററി.)

ദൈവമാതാവായ പ. കന്യക മറിയം അമലോത്ഭവയായി ജനിച്ചു എന്നുള്ളതു ഒരു വിശ്വാസസത്യമാണ്. മനുഷ്യജാതിയുടെ ആദ്യപിതാവായ ആദത്തെ വരപ്രസാദത്താൽ അലംകൃതനായിട്ടാണ ദൈവം സൃഷ്ടിച്ചതു്. ആദത്തിൻെറ സന്തതികളും ഈ വരപ്രസാദത്താൽ അലങ്കരിക്കപ്പെട്ടവരായിതന്നെ ജനിക്കുമെന്നുള്ള അമൂല്യവരവും ആദത്തിനു വാഗ്ദാനംചെയ്തു. എന്നാൽ ആദം ദൈവപ്രമാണത്തെ ലംഘിച്ചു. അതിനാൽ തനിക്കുണ്ടായിരുന്ന വരപ്രസാദത്തെ നഷ്ടമാക്കിയെന്നു മാത്രമല്ല, തൻെറ സന്താനങ്ങളും വരപ്രസാദരഹിതരായി ജനിക്കുമെന്നുള്ള ദൈവശാപത്തിനു അധീനരായി. തന്നിമിത്തം

ആദത്തിൻെറ സന്തതികൾ എല്ലാവരും ജനിക്കുന്നതു് വരപ്രസാദവിഹീനരായിട്ടാണു്. നഷ്ടപ്പെട്ട വരപ്രസാദം വീണ്ടും ലഭിക്കുന്നതു മിശിഹായുടെയോഗ്യതകൾ വഴിയായിട്ടത്രെ. ജനനത്തിൽതന്നെ ആക്കും ഇതു ലഭിക്കുന്നില്ല. മാമ്മോദീസാ വഴിയായിട്ടോ മററു വിധത്തിലോ ജനനശേഷം ഓരോരുത്തരും വരപ്രസാദം പ്രാപിക്കുന്നു. എന്നാൽ പരിശുദ്ധ കന്യക ദൈവമായ മിശിഹായുടെ മാതാവായി തിരിഞ്ഞെടുക്കപ്പെട്ടിരുന്നതിനാൽ, അങ്ങേയ്ക്കു മാത്രം ജനനത്തിൽതന്നെ ദൈവവരപ്രസാദം നൽകപ്പെട്ടു. പ. കന്യകയുടെ ആത്മാവിനെ സൃഷ്ടിച്ചശേഷം ദൈവവരപ്രസാദം ആത്മാവിനു ദൈവം നൽകുകയല്ല ഉണ്ടായതു്. ആദത്തിൻെറ ആത്മാവിനേപ്പോലെതന്നെ പ. കന്യകയുടെ ആത്മാവും ദൈവവരത്താൽ അലംകൃതമായി സൃഷ്ടിക്കപ്പെട്ടു.

പ. കന്യക എല്ലാക്ഷണത്തിലും, ഉത്ഭവത്തിൻെറ ആദ്യക്ഷണത്തിൽ തന്നെയും, വരപ്രസാദ് പൂർണ്ണയായിരുന്നവെന്നുള്ള ഈ സത്യം ദൈവം സഭയെ പഠിപ്പിച്ചിട്ടുള്ളതും സഭ പൂർവ്വകാലം മുതൽ ഇന്നുവരെ വിശ്വസിച്ചു വരുന്നതുമാണു്.

മ്ശിഹാ സജീവമായ ഒരു സഭയെയാണു് സ്ഥാപിച്ചതു്. അതു ലോകാവസാനംവരെ സജീവമായിത്തന്നെ നിലനില്ക്കുകയും ചെയ്യും. സജീവമായ ഒരു ശിശു പ്രകൃതിനിയമങ്ങൾക്കനുസരണമായി വളരുന്നു. വിണ്ണത്തിലും ഉയരത്തിലും മാത്രമല്ല, ആന്തരികശക്തികളായ ബുദ്ധിയുടെയും മനസ്സിൻെറയും പ്രയോഗത്തിലും അതു വികസിക്കുന്നു. അതുപോലെതന്നെ സഭയും എണ്ണത്തിലും വണ്ണത്തിലും അഥവാ വ്യാപ്തിയിലും മാത്രമല്ല, മാനസികശക്തിയിലും അഭിവൃദ്ധിപ്രാപിക്കുന്നു. മ്ശിഹായും ശ്ലീഹന്മാരും പഠിപ്പിച്ച സത്യങ്ങളെ സഭ ഒന്നിനൊന്നിനു കൂടുതൽ തെളിവായി ഗ്രഹിച്ചുകൊണ്ടിരിക്കുന്നു. ആദ്യത്തിൽ അസ്പഷ്ടമായി ഗ്രഹിച്ചിരുന്ന പല സത്യങ്ങളും കാലാന്തരത്തിൽ കൂടുതൽ സ്പഷ്ടമായി ഗ്രഹിക്കുന്നു. ഇപ്രകാരം ഗ്രഹിക്കുന്ന സത്യങ്ങളെ സഭ വിശ്വാസികളെ പഠിപ്പിക്കയും ചെയ്യുന്നു. വി. ത്രിത്വത്തിൻെറ രഹസ്യം മിശിഹാ വെളിപ്പെടുത്തിയതുതന്നെയാണു്. എന്നാലും മൂന്നുനാലു ശതാബ്ദങ്ങൾക്കിടകൊണ്ടു സഭ ആ സത്യത്തെ കൂടുതൽ തെളിവായി ഗ്രഹിക്കയും സൂനഹദോസുകളും വിശ്വാസപ്രമാണങ്ങളും വഴിയായി വിശ്വാസികൾക്കു ആ സത്യത്തെ വികസിപ്പിക്കയുംചെയ്തു. അതു പോലെതന്നെ, പ.ക. മറിയം വരപ്രസാദപൂർണ്ണയായിരുന്നുവെന്നുള്ളതു് പരിശുദ്ധകന്യകയുടെ ആയുസ്സിൻെറ ആദ്യക്ഷണത്തെ ഉദ്ദേശിച്ചുകൂടെ ഗ്രഹിക്കേണ്ടതാണു്. പരിശുദ്ധകന്യക അമലോത്ഭവിയാണു്, എന്നു സഭ പരിശുദ്ധാത്മാവിയുടെ സഹായത്താൽ ഒന്നിനൊന്നു കൂടുതൽ പ്രസ്പഷ്ടമായി ഗ്രഹിച്ചു വിശ്വാസികളെ പഠിപ്പിച്ചുകൊണ്ടിരുന്നു. കടശിയായി ഈ സത്യത്തെക്കുറിച്ചും ആരും ഒട്ടും സംശയിച്ചിട്ടാവശ്യമില്ലെന്നും, തിരുസഭക്കു ആരംഭത്തിൽ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളിൽ ഒന്നു തന്നെയാണു അതെന്നും ഔദ്യോഗികമായി തിരുസഭ പ്രസ്താവിച്ചു 1854 ഡിസംബർ 8-ാംനു-യാണു്. ഈ പ്രസ്താവനയുടെ ശേഷം 75 വഷം തികയുന്നതു അടുത്ത അമലോത്ഭവ തിരുനാൾ ദിവസത്തിൽ തന്നെയാണു്. ആകയാൽ അടുത്ത തിരുനാൾ അമലോത്ഭവ പ്രസ്താവനയുടെ വജ്റ ജൂബിലികൂടെയുമാകുന്നു. ഈ തിരുനാളിനെ കത്തോലിക്കരെല്ലാവരും പ്രത്യേകിച്ചു അമലോത്ഭവമാതാവിൻെറ പ്രത്യേക ഭക്തന്മാരും അമലോത്ഭവസഖ്യാംഗങ്ങളും അസാധാരണ ഭക്തിയോടും ആഡംബരത്തോടും കൊണ്ടാടേണ്ടതു തന്നെയല്ലയോ?

1854- ൽ ആണല്ലൊ ഈ സത്യത്തെ തിരുസഭ ഔദ്യോഗികമായി പ്രസ്താവിച്ചതു്. നാലു വഷം കഴിഞ്ഞപ്പോൾ, 1858—ൽ, പണ്ടു ദൈവം സീനമലയിൽ മൂശക്കു പ്രത്യക്ഷനായതുപോലെ, പരിശുദ്ധ കന്യക അനുഗ്രഹീതയായ ബെർണ്ണർദെത്തായിക്കു ലൂർദിൽ പ്രത്യക്ഷയായികൊണ്ടു തിരുസ്സഭയുടെ പഠനത്തെ സ്ഥിരീകരിച്ച് "ഞാൻ അമലോത്ഭവമാണു്" എന്നു പ്രസ്താവിച്ചു.

അതു മുതൽ ഇന്നു വരെയും ദൈവം ലൂർദിൽ ചെയ്തുകൊണ്ടിരിക്കുന്ന മഹാത്ഭുതങ്ങൾ വഴിയായി, പരിശുദ്ധകന്യകയുടെ അമലോത്ഭവത്തെ വിശ്വാസികൾ വണങ്ങുന്നതു, തനിക്കു എത്രയോ ഇഷ്ടമുള്ളതും അവക്കു അവക്കു എത്രയോ പ്രയോജനകരവുമാണെന്നു ലോക സമക്ഷം വിളംബരം ചെയ്യുന്നു.

# നസറേത്തിലെ ആശാരിപ്പുര.

(ഗാഥ.)

(ശ്രീമാൻ കെ, ടി. ലോനപ്പൻ ഞാറയ്ക്കൽ.)

III

നല്ലചുറുചുറുപ്പുള്ള ചെറുക്കനാ—ണല്ലേയിക്കാണുന്ന കൊച്ചുപൈതൽ
ബാലികാബാലന്മാരേ വരുമിച്ചെറു—ബാലന്റെ ചാരത്തേയ്ക്കെത്തീടുവിൻ!
നോക്കുവിൻ! കണ്ടുപഠിക്കുവിൻ! നിത്യവും—നീക്കമില്ലാതുള്ള കർത്തവ്യങ്ങൾ
മാതാപിതാക്കളോടിത്ര വണക്കമാ— യേതൊരുപൈതലുണ്ടിന്നിവിടെ?

ഉണ്ടെങ്കിലായവനത്രെയിഹത്തിലും,—വിണ്ടലത്തിങ്കലുമേററം ശ്രേഷ്ഠൻ!
ആരെല്ലാമാണിവരെന്നറിവാനുള്ളോ—രാശ നിങ്ങൾക്കിപ്പോളുണ്ടായീടാം
'ഈശോയും,' മാതാവു മീശോതൻ പോററപ്പ—നാകും 'മാർയൌസേപ്പു'മത്രെയിവർ
പാപപ്പിശാചിന്റെ മുഷ്ടിയിൽനിന്നിപ്പോൾ—ലോകരെരക്ഷിപ്പാൻ ഭൂതലത്തിൽ

മർത്ത്യനായെത്തിയ ദൈവത്തിൻ സൽപുത്ര—നത്രെയിക്കാണുന്ന കൊച്ചു പൈതൽ
വീണുവണങ്ങുവിൻ! കൊച്ചുമിശിഹായെ!—കാണിയും താമസമെന്യേനിങ്ങൾ
പാദാരവിന്ദങ്ങൾ ചുംബിപ്പിൻ! ബാലരെ!—ഖേദങ്ങൾതീർക്കുവാൻ പ്രാർത്ഥിക്കുവിൻ!
കന്മഷം ചിത്തത്തിൽ ചേരാതിരിപ്പാനായ്—കന്മഷഹാരിയോടർത്ഥിക്കുവിൻ!

ചുംബിച്ചു, ചുംബിച്ചുതൂകിയടയുവിൻ!—ചിന്മയരൂപന്റെ തൃപ്പാദങ്ങൾ!
സ്വർഗ്ഗവും, ഭൂമിയും, പാതാളലോകവും—നിർമ്മിച്ചകയ്യിണകൊണ്ടല്ലയോ;
നീതിമാനായമാർ യൌസേപ്പിൻനെററിയി—ലോലുംവിയർപ്പു തുടച്ചീടുന്നു?
നീതിമാന്മാരായി ജീവിച്ചാലീശ്വരൻ—പ്രീതിവായ്പോടെന്നും നിങ്ങളേയും,

തൃക്കരപല്ലവം കൊണ്ടുതലോടിയി—ട്ടുൾപ്പൂവിനാശ്വാസമേകുമല്ലോ.
സൃഷ്ടിച്ചു, രക്ഷിച്ചു, സംഹരിച്ചീടും വി—ശിഷ്ടമാം കയ്യിണകൊണ്ടല്ലയൊ;
വാളു,ളികോടാലിയെന്നിവ പേറികൊ—ണ്ടോരോരോജോലികൾ ചെയ്തീടുന്നു?
മിഥ്യാഭിമാനത്താൽ മത്തരായീടാതെ—നിത്യവും സൽകൃത്യമോരോന്നേവം

ചെയ്യേണം നിങ്ങളെന്നോതുന്നു; മാതൃക—കയ്യാലെകാണിച്ചരുളുന്നീശോ.
ആദിപിതാവിനെ മണ്ണാൽമനഞ്ഞെടു—ത്താദേനിലാക്കിയ ദൈവമല്ലോ
മാതാവിൻ വാക്കുകേട്ടപ്പോഴെ നൂലുകൾ—സാദരം നീട്ടിപ്പിടിച്ചീടുന്നു?
മാതാപിതാക്കൾക്കുള്ളിഷ്ടമറിഞ്ഞുടൻ—മോദാലതുകളെ ചെയ്തീടേണം.

എന്നുള്ളകൃത്യത്തെ നിങ്ങൾക്കു കാണിച്ചു—തന്നീടുന്നല്ലോയീലോകനാഥൻ.
'ആദാ'മിൻനാസികാദ്വാരത്തിൽ ജീവന്റെ—ശ്വാസത്തെയൂതിയ നാഥനല്ലേ
അമ്മതന്നാസ്യത്തിൽ ചുംബനമാംചെറു—ചെങ്കുസുമങ്ങളെയർപ്പിക്കുന്നു?
ജീവിതകാലത്തിൽനിങ്ങളോരോരുത്ത—രാവുന്നപോലെ സൽകർമ്മംചെയ്താൽ

ദൈവപ്രസാദമാം ചുംബനമേറ്റേററു—കൈവല്യസ്ഥാനത്തിലെത്തിച്ചേരാം
എന്നുള്ള വാസ്തവതത്വം ഗ്രഹിപ്പിച്ചീ—ടുന്നു ജഗദീശ പുത്രനിപ്പോൾ

.................................................................................................

'ഈശോ, മറിയം, യൌസേപ്പെ'ന്ന നാമങ്ങ—ളാശാപൂർവ്വം ചൊല്ലിക്കൊണ്ടുനിങ്ങൾ
നിത്യവും ജോലികളുദ്യമിച്ചീടുക;—സത്യംവിജയികളായിത്തീരും.

ശുഭം.

# ഗുരുപ്പട്ട സ്വർണ്ണജൂബിലി.

(റവ. ഫാദർ പ്ലാസിഡ് സി. ഡി., പി. എച്ച്ഡി, ഡി.ഡി, ഡി.സി.എൽ.)

കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സു കൊണ്ടു ദിവ്യപൂജ അർപ്പിച്ചതിന്റെ 50-ാം കൊല്ലം ഈ മാസം 21-ാംനു- പൂർത്തിയാകുന്നു. മലങ്കര സുറിയാനി ഹയരാർക്കി പുനസ്ഥാപിച്ചതും പതിനൊന്നാം പീയൂസാകയാലും, അതു ഡിസംബർ 21-ാംനു- സംഭവിച്ചതിനാലും ഈ സുദിനം കേരളീയ കത്തോലിക്കർക്കു സർവ്വഥാ സന്തോഷാവഹമായ ഒന്നാണ്. അംബ്രോസിയോ ദമിയാനോ അക്കീല്ലെ റാത്തി 1857 മേ. 30-ാംനു- മിലാനിലെ അംബ്രോസിയൻ റീത്തിൽപെട്ട ഒരു പ്രസിദ്ധ പ്രഭുകുടുംബത്തിൽ ജാതനായി. ഉന്നത വിദ്യാഭ്യാസാനന്തരം ഗുരുപ്പട്ടമേറ്റു, 1879 ഡിസംബർ 21-ാംനു- ദിവ്യപൂജ അർപ്പിക്കയും 1918-ൽ ലോകമഹായുദ്ധകാലത്തു വത്തിക്കാൻ ഗ്രന്ഥശാലാമേധാവിയായിരിക്കയിൽ പതിനഞ്ചാം ബനദിക്തോസ് മാർപ്പാപ്പായാൽ പോളണ്ടിലേക്കു തിരുസിംഹാസന പ്രതിനിധിയായി അയക്കപ്പെടുകയുമാണുണ്ടായതു. ഭയങ്കരതരമായ ആ അപൽ ഘട്ടത്തിൽ തിരുമേനി റഷ്യയിലെ കത്തോലിക്കാ സഭയുടെ സംരക്ഷണത്തിനായി ചെയ്തിട്ടുള്ള ധീരകൃത്യങ്ങളും മററും ഇനിയും വിസ്മരിപ്പാൻ കാലമായിട്ടില്ല. 1920-ൽ ബോൾഷവിക്കുകാർ വാർസോ ആക്രമിക്കയിൽ മറെറല്ലാ വിദേശ രാജ്യ പ്രതിനിധികളും അവിടെ നിന്നോടി രക്ഷപെട്ടിട്ടും സ്ഥലം വിടാതെ പോരാടി നിന്ന മോൺസിഞ്ഞോർ റാത്തിയുടെ ധീരത സകലരുടേയും അത്ഭുതവിഷയമായി തീർന്നിട്ടുള്ളതാണു. അചിരേണ 1921 ജൂൺ 13-ാം തീയതിയിലെ കോൺസിസ്റ്റോറി സംഘത്തിൽ വെച്ചു പരിശുദ്ധപിതാവു പതിനഞ്ചാം ബനദിക്തൊസു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു അദ്ദേഹത്തെ കാർഡിനൽ ഫെറാരിയുടെ അനുഗാമിയും മിലാനിലെ കാർഡിനൽ മെത്രാപ്പോലീത്തായുമായി നിയമിച്ചു. 1922 ഫെബ്റുവരി 6-ാംനു- മാർപ്പാപ്പായായിതെരഞ്ഞെടുക്കപ്പെടുകയും ടി. മാസം 12-ാംനു-സിംഹാസനാരോഹണം ചെയ്യപ്പെടുകയും ചെയ്തു.

ഗുരുപ്പട്ടാധികാരത്തിന്റെ പൂർണ്ണതയടങ്ങിയിരിക്കുന്ന മെത്രാൻപട്ടവും ഭരണാധികാരത്തിന്റെ പൂർണ്ണതയടങ്ങിയിരിക്കുന്ന പാപ്പാ അധികാരവും പ്രയോഗിക്കുന്ന ഈ മഹാപുരുഷന്റെ ഗുരുപ്പട്ട സ്വർണ്ണജൂബിലി കത്തോലിക്കു ലോകമൊട്ടുക്കു പൊതുവേയും ഓരോ സ്ഥലങ്ങളിൽ പ്രത്യേകമായും ആഹ്ളാദ ജനകമാണെങ്കിൽ അതിനുള്ളകാരണം ജൂബിലേറിയന്റെ നാനാമുഖ ഗുണഗണങ്ങളായിരിക്കണം. "മിശിഹായുടെരാജ്യത്തിൽ മിശിഹായുടെ സമാധാനം" എന്നതു തന്റെ മുദ്രാവാക്യമായി സ്വീകരിച്ചിരിക്കുന്ന തിരുമനസ്സുകൊണ്ടു ലോകസമാധാനത്തിനുവേണ്ടി ഈയേഴുവർഷ

ത്തിനിടയിൽ ചെയ്തിട്ടുള്ളശ്രമത്തിൻെറ ഫലങ്ങൾഎല്ലാവരുംഅനുഭവിച്ചുകൊണ്ടു തന്നെ ഇരിക്കുന്നു. ഈററലോ-വാററിക്കാൻ സന്ധിയിൽ അവിടുന്നു പ്രദശിപ്പിച്ചിട്ടുള്ള ത്യാഗബുദ്ധിയും മഹാമനസ്കതയും സമാധാന ലാഭത്തിനായി പാടുള്ളതെല്ലാം ചെയ്യുവാൻ അവിടത്തേയ്ക്കുള്ള സന്നദ്ധതയെ വിശദമാക്കുന്നുണ്ട്. തിരുമനസ്സിലെ ഇപ്രകാരമുള്ള മനസ്ഥിതിയുടെ ഫലംതന്നെയാണ് പല രാജ്യങ്ങളുമായി തിരുസിംഹാസനം ചെയ്തിട്ടുള്ള ഉടമ്പടികൾ.

മിശിഹായുടെ രാജ്യമായ തിരുസഭയിൽ എല്ലാവരും ഉൾപ്പെടേണ്ടതാകയാൽ അതിനായി തിരുമനസ്സുകൊണ്ടു എന്തും ചെയ്യുവാൻ സദാ സന്നദ്ധനായാണ് ഇരിക്കുന്നതു്. കത്തോലിക്കാസഭയുടെ പ്രചാരണത്തിനു ഏററം പററിയമാർഗ്ഗം ഏതദ്ദേശീയ വൈദികരെ വദ്ധിപ്പിക്കയും, മതസംബന്ധമായി വേണ്ട അഭിവൃദ്ധിവന്നിട്ടുള്ള സ്ഥലങ്ങളിൽ നാട്ടുമെത്രാന്മാക്കു സഭാ ഭരണം വിട്ടുകൊടുക്കയും ചെയ്യുന്നതാണെന്നു തിരുമനസ്സുകൊണ്ടു നല്ലവണ്ണം ഗ്രഹിച്ചിട്ടുണ്ട്. ചൈനാ, ജപ്പാൻ, ഇൻഡ്യാ മുതലായ രാജ്യങ്ങളിൽ നാട്ടുമെത്രാന്മാരെ വാഴിച്ചതു് ഇതിനു തക്ക തെളിവാണ്. അവിശ്വാസികളുടേയും അകത്തോലിക്കരുടേയും മാനസാന്തരത്തിനായി അവിടുന്നു അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നു. ഭിന്നിച്ചുനിൽക്കുന്ന പൗരസ്ത്യരുടെ പുനരൈക്യത്തെ ലാക്കാക്കി പ്രവത്തിക്കുന്ന 'ഓറിയൻററൽ ഇൻസ്റ്റിററ്യൂട്ടി'നെപ്പററി "നമ്മുടെ സ്ഥാപനം" എന്നാണ് അവിടുന്നു പല പ്രാവശ്യം അരുളിച്ചെയ്തിരിക്കുന്നതു്. റഷ്യരെ ഉദ്ദേശിച്ച് പുതുതായി ഒരു കമ്മീഷ്യൻ പതിനൊന്നാംപീയൂസു ഏപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ മ്ശിഹായുടെ രാജ്യം പരത്തുന്നതിനും സ്ഥാപിക്കുന്നതിനും സകലവിധ ശ്രമങ്ങളും ചെയ്യുന്ന ഈ തിരുമേനിയുടെ ഗുരുപ്പട്ടസ്വൎണ്ണജൂബിലി ലോകമൊട്ടുക്കു അസാമാന്യസന്തോഷമുളവാക്കുന്നതിൽ എന്താണ് വിസ്മയിപ്പാനുള്ളതു്? ലോംബർഡിക്കാരുടെ വകയായി റോമ്മായിലുള്ള സാൻകാർളോ ദേവാലയത്തിൽ 1879—ൽ നവപൂജ അപ്പിച്ച റാത്തി അച്ചൻ, അദ്ധ്യാപകൻ, ലൈബ്രേറിയൻ, നുൻസിയോ, കർദ്ദിനാൾ മെത്രാപ്പോലീത്താ എന്ന ഉദ്യോഗങ്ങൾ ഏററം സ്തുത്യർഹമായി നടത്തിയശേഷം പരമാധികാരത്തിൽ പത്രോസിൻെറ പിൻഗാമിയായി, ലോകം മുഴുവനേയും തൻെറ ബുദ്ധിസാമത്ഥ്യത്താലും നയവിശേഷത്താലും വിസ്മയിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ തിരുമേനിയുടെ ഗുരുപ്പട്ടസ്വൎണ്ണജൂബിലിയും ആഗതമായിരിക്കുന്നതു് തിരുമനസ്സിലേക്കും അവിടുത്തെ വാത്സല്യമക്കൾക്കും അത്യന്തം ആനന്ദകരമായി തീന്നിരിക്കുന്നു. പാപ്പായും രാജാവുമായ തിരുമേനി അരോഗദൃഢഗാത്രനായി ഇനിയും ചിരകാലം വാഴുന്നതിനു ദൈവം ഇടയാക്കട്ടെ!

# അകത്തോലിക്കരും കത്തോലിക്കമതപ്രചാരവും.

(ശ്രീമാൻ സി. അന്തപ്പായി ബി. എ.)

"സ്വമാർഗ്ഗപ്രകാശിക എന്ന പേർ കൊടുത്തു് പുറപ്പെടുവിച്ചിട്ടുള്ള ആ പുസ്തകം നിങ്ങൾവായിച്ചുപോകരുതു്; വായിച്ചാൽ കത്തോലിക്കമതസ്വീകാരം ചെയ്യാനുള്ള പ്രലോഭനം നിങ്ങൾക്കുണ്ടായേക്കാം" എന്നു കുറച്ചുകാലം മുമ്പ് മാർതോമാവഗ്ഗത്തിൻെറയും പ്രോട്ടസ്റ്റൻറു സഭയുടേയും ഈ നാട്ടിലെ ചില അ

ദ്ധ്യക്ഷന്മാർ അവരുടെ കീഴിലുള്ള പുരോഹിതന്മാരേയും ജനങ്ങളേയും ഉപദേശിച്ചിരുന്നതായി കേട്ടിട്ടുണ്ട്. മാർതോമാവർഗ്ഗം ഈ കേരളത്തിലല്ലാതെ ഭൂമിയിൽ മറെറങ്ങുമില്ല. ഇവിടെത്തന്നെ അനുഭവിച്ചിട്ട് നാലഞ്ചുദശകമേ ആയിട്ടുള്ളു. മുക്കാൽ പ്രോട്ടസ്റ്റൻറും കാൽ യാക്കോബായയും കൂടിയ ഒരു മതമാണതു്. അതിശക്തിയായ പ്രോട്ടസ്റ്റൻറുപ്രേരണയും പ്രലോഭനങ്ങളുമാണ് അതിൻെറ ആവിർഭാവഹേതുക്കൾ എന്നുള്ള സത്യം പ്രസിദ്ധം. കേരളത്തിലെ പ്രോട്ടസ്റ്റൻറുസഭക്കു ഏകദേശം 110 വത്സരങ്ങളിലധികം പ്രായമില്ല. ആ കാലത്തിനിടയിൽ ഇംഗ്ലണ്ടു മുതലായ യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും ആ മതത്തിനു എത്രയധികം ഉടവുകൾ തട്ടിക്കൊണ്ടിരിക്കുന്നുവെന്നും അവയുടെ കാരണങ്ങൾ എന്തെല്ലാമെന്നും ഉള്ള പരമാർത്ഥം തങ്ങളുടെ കീഴിലുള്ളവർ അറിയാതേയും പാട്ടുള്ളടത്തോളം അവരെ അറിയിക്കാതെയും ഇരിപ്പാൻ പ്രോട്ടസ്റ്റൻറു അധികൃതന്മാർ ശ്രമിക്കുന്നുണ്ട്.

1922 ഫെബ്രുവരി 11-ാംതീയതി കോട്ടയം ഇടവകശാലയിൽവെച്ചു ആംഗ്ലിക്കൻ ചർച്ച്മെൻസ് യൂണിയൻ എന്ന സമാജത്തിൻെറ ഒരു യോഗം കൂടി. അതിനടുത്തകാലത്തു് കൽക്കത്തായിൽ വെച്ചു നടന്ന ഇൻഡ്യൻ പ്രൊവിൻഷ്യൽ സിനോഡിൻെറ റിപ്പോർട്ട് എന്താണെന്നു കേൾക്കുവാനായിരുന്നു ഈ യോഗം വിളിച്ചുകൂട്ടിയതു്. യൂണിയൻ പ്രതിനിധികളിൽ ഒരുവനായി കൽക്കത്തായിലേക്കു പോയിരുന്ന ഒരു മാന്യൻ ആ സിനോഡിൽ നടന്ന സംഭവങ്ങളേക്കുറിച്ചു ചെയ്ത പ്രസംഗത്തിൽ, ഇംഗ്ലണ്ടിലും ഇൻഡ്യയിലും പ്രസിദ്ധന്മാരായ അനേകം ബിഷോപ്പുമാരും മററു വൈദികരും സിനോഡിൽ സന്നിഹിതരായിരുന്നുവെന്നും, കൽക്കത്തയിലെ പല ദേവാലയങ്ങളിലും വിശുദ്ധകർമ്മങ്ങൾ കാണുവാൻ താൻ (പ്രതിനിധിയായ മേൽപറഞ്ഞ മാന്യൻ) പോയിരുന്നുവെന്നും, ആ കർമ്മങ്ങൾ ഇവിടെയുള്ള പ്രോട്ടസ്റ്റൻറു ആരാധനരീതിയിൽ നിന്നു തീരെ വ്യത്യസ്തങ്ങളാണെന്നും, അവയിൽ മെഴുകുതിരികളും തിരശീലയും കുന്തുരുക്കവും പുരോഹിതവസ്ത്രങ്ങളും ഉപയോഗിച്ചിരുന്നുവെന്നും, അവ ഇവിടെയുള്ള സുറിയാനിപ്പള്ളികളിലെ കർമ്മങ്ങൾക്കു സദൃശമായിരുന്നുവെന്നും, ആ രീതി ഇവിടത്തെ ആംഗ്ലിക്കൻ പള്ളികളിലും പ്രവേശിച്ചാൽ യാക്കോബായക്കാരും മററു സുറിയാനിക്കാരുമായുള്ള ഐക്യം എളുപ്പത്തിൽ സാധിക്കാമെന്നും, പ്രസ്താവിച്ച ഉടനെ യോഗത്തിലുണ്ടായിരുന്ന മതതീക്ഷ്ണതയുള്ള മറെറാരു മാന്യൻ എഴുന്നേററുനിന്ന് ആ പ്രതിനിധിയെ കഠിനമായി അധിക്ഷേപിക്കയും മേലാൽ അയാളെ ഇങ്ങനെയുള്ള കാര്യങ്ങൾക്കായി ഒരിക്കലും തെരഞ്ഞെടുക്കരുതെന്നു കോപത്തോടുകൂടെ പറകയുംചെയ്തു!

എന്നാൽ പാശ്ചാത്യ രാജ്യങ്ങളിലെ പ്രോട്ടസ്റ്റൻറു ജനങ്ങളുടെ ഇടയിൽ ഇത്രയധികം ദൃശ്യതയും നിർബന്ധശീലവും ഇല്ലെന്നുള്ളതിനു വർദ്ധമാനമായ അവരുടെ സത്യാന്വേഷണപ്രതിപത്തിയും കത്തോലിക്കമതസ്വീകാരവും തെളിവുകളാകുന്നു. അമേരിക്കയിലെ വെർജീനിയസംസ്ഥാനത്തു് കത്തോലിക്ക അൽമേനികളുടെ സംഘട്ടനം അല്ലെങ്കിൽ ലീഗ് വകയായി പ്രചരിപ്പിക്കുന്ന കത്തോലിക്കസാഹിത്യത്തോടു അവിടെയുള്ള പ്രോട്ടസ്റ്റൻറുകാർ എത്രയധികം അനുഭാവം കാണിക്കുന്നുണ്ടെന്നു അവരിൽ പലരും മേൽപറഞ്ഞ ലീഗ് പ്രവർത്തകന്മാർക്കു അയച്ചുകൊണ്ടിരിക്കുന്ന എഴുത്തുകളിൽനിന്ന് അനുമാനം ചെയ്യാവുന്നതാണ്. ആ ലേഖനങ്ങളിൽ ചിലതിൻെറ സംക്ഷേപം ചുവടെ ചേർക്കുന്നു.

ഒരു ബാപ്ടിസ്റ്റ് പ്രോട്ടസ്റ്റൻറു പുരോഹിതൻ ഇപ്രകാരം എഴുതി:— "കത്തോലിക്കസഭയെക്കുറിച്ചു കൂടുതലായി അറിവുതരുന്ന പുസ്തകങ്ങൾ നിങ്ങളുടെ പക്കൽ ഉണ്ടെങ്കിൽ എനിക്കു അവയെ സദയം അയച്ചുതരണം. ഞാൻ ഒരു ബാപ്ടിസ്റ്റ് പ്രാസംഗികനും ആ മതമുള്ള ഒരുവൻെറ പുത്രനും ആകുന്നു. ഞാനും എൻെറ പിതാവും വാക്കിലും മനോ

ഭാവത്തിലും കത്തോലിക്കസഭയോടു അനുഭാവമുള്ളവരാണ്. കത്തോലിക്കസഭയും ആ മതാനുയായികളും സത്യത്തിനും മതസ്വാതന്ത്ര്യത്തിനും സഹിഷ്ണുതക്കുംവേണ്ടി ചെയ്യുന്ന കൃത്യങ്ങളെ ഞങ്ങൾ സ്തുതിക്കുന്നു. നിങ്ങളുടെ സഭയേക്കുറിച്ചു ജനസാമാന്യത്തിനു കൂടുതലായ അറിവുകൾ കൊടുക്കുക എന്നതു് വളരെ ആവശ്യമാകുന്നു. ഫ്ളോറിഡായിലെ ഒരു ഇടവകയിലേക്കു എന്നെ മാററുവാൻ പോകുന്നതിനാൽ നിങ്ങളുടെ മതാത്മകമായ സാഹിത്യം വേഗം അയച്ചുതരുവാൻ അപേക്ഷ."

ഒരു എപ്പിസ്കോപ്പാലിയൻ പ്രോട്ടസ്റ്റൻറുകാരൻ എഴുതിയതായതു്:- "ജനങ്ങളുടെ ഇടയിൽ വിതരണം ചെയ്യുവാനുള്ള നിങ്ങളുടെ ഗ്രന്ഥങ്ങൾ അയച്ചുതരുക. ഞാൻ ഒരു എപ്പിസ്കോപ്പാലിയനാണെങ്കിലും മാതൃസഭയോടു എനിക്കു സ്നേഹവും ബഹുമാനവുമാണ്. കത്തോലിക്കരും പ്രോട്ടസ്റ്റൻറും തമ്മിൽ പരമാർത്ഥം തിരിച്ചറിയുന്നതിനു ആവശ്യമായ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കണമെന്നു എനിക്കു അതിയായ ആഗ്രഹമുണ്ടു്. ഒരു സാധാരണ പ്രോട്ടസ്റ്റൻറുകാരൻെറ ഉള്ളിൽ സഹജമായിക്കിടക്കുന്ന മുൻവിധികൾ വാസ്തവത്തിൽ ബീഭത്സങ്ങളാകുന്നു. നിങ്ങളുടെ പുസ്തകങ്ങൾ അവയെ ദൂരീകരിക്കുമാറാകട്ടെ."

ഒരു വ്യാപാരി മേൽ പറഞ്ഞ സംഘത്തിനു എഴുതിയതെന്തെന്നാൽ:- "കത്തോലിക്കസഭയെക്കുറിച്ചു ചെയ്യപ്പെടുന്ന അസത്യദോഷാരോപണങ്ങളെ പ്രത്യാഖ്യാനിക്കുവാൻ വേണ്ടി നിങ്ങളുടെ ലഘുപത്രങ്ങളെ എനിക്കു അയച്ചുതരണം. ഞാൻ ജനനത്താലെ ഒരു പ്രോട്ടസ്റ്റൻറുകാരനാകുന്നു. മേലാലും ആ വിശ്വാസത്തിൽ നിൽക്കുവാനാണ് കരുതിയിരിക്കുന്നതു്. എങ്കിലും ഈ വെർജീനിയസംസ്ഥാനത്തു് അടുത്തകാലത്തുണ്ടായ അദ്ധ്യക്ഷതെരഞ്ഞെടുപ്പുസമരത്തിനിടയിൽ പ്രോട്ടസ്റ്റൻറുകാർ നടത്തിയതും അനേകർ കണ്ണടച്ചു വിശ്വസിച്ചതും ആയ കള്ളപ്രഖ്യാപനങ്ങൾ കണ്ടപ്പോൾ കത്തോലിക്കസഭയുടെ വിശ്വാസാചാരങ്ങളെ ശരിയായി ഗ്രഹിക്കണമെന്നും ആ അപവാദകന്മാരുടെ യുക്തികളെ ഖണ്ഡിക്കണമെന്നും ഒരു ആഗ്രഹം എന്നിൽ ജനിച്ചിരിക്കുന്നു."

ലോകമഹായുദ്ധത്തിൽ ചേർന്നിരുന്ന ഒരു യോദ്ധാവിനു ഒരു കത്തോലിക്ക പുസ്തകം മേൽപറഞ്ഞ സമാജക്കാർ അയച്ചുകൊടുത്തപ്പോൾ അദ്ദേഹത്തിൻെറ മറുപടി ഇപ്രകാരമായിരുന്നു:-"നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം എന്ന പുസ്തകം ഇന്നു കാലത്തു് എനിക്കു കിട്ടി. അതിൻെറ അടക്കങ്ങൾ സവിസ്തരം വായിച്ചു ഗ്രഹിക്കുവാനുള്ള സമയം തൽക്കാലം എനിക്കു ഉണ്ടായിട്ടില്ലെങ്കിലും ഞാൻ അതിൽ ആകപ്പാടെ കണ്ണോടിച്ചുനോക്കിയപ്പോൾ പാരായണം ചെയ്യപ്പെടുവാൻ യോഗ്യതയുള്ള പല ഭാഗങ്ങളും അതിലുണ്ടെന്നു എനിക്കു തൽക്ഷണംതോന്നി. കത്തോലിക്കരെക്കുറിച്ചു ഈ രാജ്യത്തിൽ ഈയിടെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള അബദ്ധമായ വിജ്ഞാപനങ്ങൾ കണ്ടു് എനിക്കു എത്രയധികം വെറുപ്പുതോന്നിയിരിക്കുന്നുവെന്നു നിങ്ങൾക്കു് ഊഹിക്കാവുന്നതാണ്. അയച്ചുതന്ന പുസ്തകത്തിനു ഞാൻ നന്ദിപറയുന്നു."

മുകളിൽ പേർ പറഞ്ഞിട്ടുള്ള സംഘം വകയായി "നമ്മുടെ പിതാക്കന്മാരുടെവിശ്വാസ"മെന്ന പുസ്തകത്തിൻെറ അസംഖ്യം പ്രതികൾ അച്ചടിപ്പിച്ച് അകത്തോലിക്കരുടെ ഇടയിൽ വിതരണംചെയ്തിട്ടുണ്ടാകുന്ന സൽഫലങ്ങളുടെ ആധിക്യത്താൽ ആ ഗ്രന്ഥത്തിനു Convert-making book എന്ന പേർ അമേരിക്കയിൽത്തന്നെ സിദ്ധിച്ചിട്ടുള്ളതിൽ അത്ഭുതപ്പെടുവാനില്ല. എന്നാൽ ഈ കേരളരാജ്യത്തിലെ അകത്തോലിക്കരായ ക്രിസ്ത്യാനികളിൽ ചില പ്രമുഖന്മാർ സത്യം ഒതുക്കിവെക്കുവാനും ജനങ്ങളെ തെററിദ്ധരിപ്പിക്കുവാനുമായി ചെയ്യുന്ന യത്നങ്ങൾ കുറച്ചൊന്നുമല്ല!

# ബാലഅപ്പസ്തോലനായ യുകീകോ.

## ഒരു മിഷ്യനറിയുടെ ലേഖനത്തിൽനിന്നു്.

(റവ. ജോൺ കിഴക്കേത്തയ്യിൽ എസ്. ജെ.)

ജപ്പാൻഭാഷയിൽ മഞ്ഞിന്റെ പുത്രൻ എന്നൎത്ഥമുള്ള യുകീകോ എന്ന പദം പതിമ്മൂന്നുവയസ്സു പ്രായംവരുന്ന സുശീലനും, ബുദ്ധിമാനുമായ ഒരു ജപ്പാൻകാരൻ ബാലന്റെ പേരത്രെ. അവന്റെ പൂൎണ്ണപ്പേരു യുകീകോ താവുമാറാ എന്നാകുന്നു. യുകീകോ അടുത്ത രണ്ടു വൎഷങ്ങൾക്കു മുൻപുവരെ വെസ്ലിയൻ മതക്കാരുടെ ദേവാലയം സന്ദൎശിച്ചുകൊണ്ടിരുന്നു. ആസ്ഥലത്തെ ഉപദേശിയോ എന്നാൽ അവനിൽ അധികം പ്രീതിയും ശ്രദ്ധയും കാണിക്കാതിരുന്നതിനാൽ കഴിഞ്ഞ ൧൯൨൩– ജൂൺ മാസം മുതൽ, അവൻ എന്നെവന്നുകാണുന്നതിലും കത്തോലിക്കാപഠനങ്ങൾ അറിയുന്നതിലും അധിക താല്പൎയ്യം കാണിച്ചുതുടങ്ങി. ഈ കോമളബാലൻ ആദ്യം വേദോപദേശ ക്ലാസ്സുകളിൽ ദിവസേന വരുകയും, കാലാന്തരത്തിൽ 'നന്മനിറഞ്ഞമറിയം, കൊന്തനമസ്കാരം, എന്നുവേണ്ട ഒരു വാക്കിൽ പറഞ്ഞാൽ വേദോപദേശം മുഴുവനും പൂൎത്തിയായി പഠിക്കുകയുംചെയ്തു. ഒടുവിൽ നവംബർ ൧൫–ാം തീയതി ലൂയീസ് എന്ന നാമത്തിൽ അവൻ ജ്ഞാനസ്നാനം കൈക്കൊണ്ടു. അതേതരുണത്തിൽതന്നെ അവന്റെ ഇളയ സഹോദരിയായ മിനേക്കോ മേരി എന്ന മധുരനാമം സ്വീകരിച്ചു മാമ്മോദീസാ മുങ്ങി.

ചിലദിവസങ്ങൾക്കുശേഷം ലൂയീസും, മേരിയും (അവരുടെ പൂൎവ്വികപേരുകളിൽ പറഞ്ഞാൽ യുകീകോയും, മിനേക്കോയും) അധിക എരിവോടു കൂടി ആദ്യകുമ്പസാരം ഉൾക്കൊണ്ടു. ആദിവസം പ്രഭാതത്തിൽ പട്ടണവാസികൾ ഉണരും മുൻപുതന്നെ ഈ നിഷ്കളങ്ക ബാലർ തങ്ങളുടെ സ്വൎഗ്ഗീയ രാജാവിനെ ഹൃദയത്തിലേക്കു് എതിരേല്ക്കുവാൻ അതിവേഗത്തിൽ സാൻഗൊൺസാലാ ദേവാലയത്തിൽ എത്തിക്കഴിഞ്ഞു.

പിറേറദിവസവും പിന്നീടു തുടരെത്തുടരെയും ലൂയീസ് അതിരാവിലെ പള്ളിയിൽ വരുവാൻ തുടങ്ങി. ഒരുദിവസം "ലൂയീസെ! ഇത്ര കാലത്തെ എന്തുകൊണ്ടാണു് നീ പള്ളിയിൽ വരുന്നതു്" എന്നു ഞാൻ ചോദിച്ചു. "അച്ചാ! എന്റെ അമ്മയ്ക്കു സുഖമില്ല. അതിനാൽ വീടു അടിച്ചുതളിക്കുന്ന ജോലി പള്ളിക്കൂടത്തിൽ പോകുംമുൻപുതന്നെ ഞാൻ ചെയ്തുതീക്കണം.,, എന്നത്രെ അവൻ മറുപടി നൽകിയതു്.

"അപ്രകാരമെങ്കിൽ നിന്നിൽനിന്നു് ഞാൻ ആശിച്ചകാൎയ്യം ഫലപ്രദമാകയില്ലല്ലോ" എന്നു ഞാൻ പറഞ്ഞപ്പോൾ "എന്താണച്ചാ?" എന്നു ആബാലൻ മുഖത്തുപ്രത്യക്ഷമായ നിരാശയുടെ ലക്ഷണങ്ങളോടുകൂടി എന്നോടു ചോദിച്ചു.

"മറെറാന്നുമല്ല. പൂജസഹായമന്ത്രം നിന്നെ പഠിപ്പിക്കണമെന്നു ഞാൻ വിചാരിച്ചിരിക്കയായിരുന്നു."

"ആ പ്രിയ അച്ചാ!,, ഇതിനുള്ളിൽ അവന്റെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു "അതാണെങ്കിൽ എനിക്കതുചെയ്യുവാൻ സാധിക്കും.,,

കുറഞ്ഞൊരു ദിവസങ്ങൾക്കുള്ളിൽ എന്റെ കുഞ്ഞുലൂയീസ് പൂജസഹായമന്ത്രം പൂൎത്തിയായി ലത്തീനിൽ പഠിച്ചുതീൎത്തു. ഞാൻ ആദ്യമായി ഈ ചെറുബാലനെ മററുള്ള പൂജസഹായ ബാലന്മാരെപ്പോലെ ഭക്തിപുരസ്സരം സൂൎപ്ലീസ് ധരിച്ചു കണ്ടപ്പോൾ എന്റെ ഹൃദയം ആനന്ദത്താൽ തുടിച്ചുവശായി. അപ്പോൾ അവൻ എന്റെ അന്തൎഗതങ്ങൾ മ

നസ്സിലാക്കിയോ എന്നുതോന്നുമാറുതന്റെ ഉണ്ണിക്കണ്ണുകളാൽ എന്നെ നോക്കി ഒരു പുഞ്ചിരി തൂകി "ഈ വേഷത്തിൽ എന്നെക്കാണ്മാൻ വളരെ ഭംഗിയായിരിക്കുന്നില്ലയോ?" എന്നു എന്നോടു ചോദിച്ചു. "വളരെ ഭംഗിയായിരിക്കുന്നു. എന്റെ വാത്സല്യ മകനെ!" എന്നു പറഞ്ഞുകൊണ്ടു ഞാനും ഒന്നു ചിരിച്ചു.

പൂജസഹായം ചെയ്യുന്നതിനും പുറമെ വിശുദ്ധ കുർബ്ബാനയുടെ ആശീർവാദം ഉള്ള ദിവസങ്ങളിൽ അസ്തമനസമയത്തും അവൻ ശുശ്രൂഷചെയ്യുന്നതിനു ഹാജരായിരുന്നു. പള്ളിയിലെകർമ്മങ്ങൾ കഴിഞ്ഞശേഷം അവൻ വീട്ടിൽ പോയി തന്റെ മാതാപിതാക്കന്മാരോടു ഈ വിധം പറയും. "കത്തോലിക്കാദേവാലയം എത്ര മനോഹരമായിരിക്കുന്നു! തിരുഹൃദയത്തിന്റെ അൾത്താര വളരെ ഭംഗിയുള്ളതും ഹൃദയാകർഷകവുമത്രെ.,, ഇതിനും പുറമെ താൻതന്നെ വൈദികരെപ്പോലെ ചിലപ്പോഴെല്ലാം കുപ്പായവും സൂർപ്ലീസും ധരിക്കുമെന്ന് അവൻ അവരോടു പറയുമ്പോൾ അവക്കതെല്ലാം ചില കെട്ടുകഥകൾ പോലെ തോന്നിയിരുന്നു. എങ്കിലും ഈ സംഭാഷണങ്ങൾ തന്റെ മാതാപിതാക്കന്മാരിൽ ശാശ്വതമായ ചില മുദ്രകൾ പതിച്ചുവെന്നു പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ. ലൂയീസു തന്റെ മാതാവിനോടു പറയും. "അമ്മച്ചീ! കത്തോലിക്കനായിരിക്കുന്നതു് എത്രയോ വലുതായ ഒരു ഭാഗ്യമാകുന്നു. അമ്മച്ചി എന്തുകൊണ്ട് ഇനിയും മാമ്മോദീസാ മുങ്ങാതിരിക്കുന്നു?"

രോഗിണിയായ ആ സ്ത്രീ ഈ വാക്കുകൾ കേൾക്കുമ്പോൾ തോളുകൾ ഉരസി ഈർഷ്യഭാവം കാണിച്ചിരുന്നുവെങ്കിലും തന്റെ വാത്സല്യപുത്രൻ ദുഃഖിതനായിരിക്കുന്നതു മനസ്സിലാക്കുമ്പോൾ താനും മനസ്താപപ്പെട്ടു ചിന്താസാഗരത്തിൽ മുങ്ങുകപതിവായിരുന്നു. അവന്റെ പിതാവു എന്തു പറയും? പൂർവ്വികപാരമ്പര്യം അനുസരിക്കുന്നതിൽ അവന്റെ അഛൻ അണുപോലും പിന്നോക്കമല്ലായിരുന്നു.

ഒരുദിവസം ലൂയീസ് എന്റെ സമീപം വന്നു്: അച്ചാ! എന്റെ അമ്മയ്ക്കു ദീനം കലശലായിരിക്കുന്നു. എന്നാൽ അമ്മയ്ക്കു മാമ്മോദീസാ മുങ്ങുന്നതിനു താല്പര്യമില്ല, എന്നു പറഞ്ഞു. "ദൈവത്തോട്ട് അപേക്ഷിക്കുക. ലൂയീസെ!" എന്നത്രെ ഞാൻ സമാധാനം നൽകിയതു്.

അപ്പോൾ അവൻ തുടന്നു: അച്ചാ! മാമ്മോദീസാ മുക്കുവാൻ എന്നെ പഠിപ്പിക്കണം. എന്തെന്നാൽകഴിഞ്ഞരാത്രി അമ്മ മരിക്കാറായി. എനിക്കോ എന്നാൽ മാമ്മോദീസാ മുക്കുവാൻ അറിയുവാൻ പാടില്ലായിരുന്നു. ഓ! പ്രിയ അച്ചാ! അമ്മ മാമ്മോദീസാ മുങ്ങാതെ മരിക്കുവാൻ ഞാൻ ഒരിക്കലും സമ്മതിക്കയില്ല. എന്റെ അമ്മച്ചി മോക്ഷത്തിൽ പോകുവാൻ ഞാനാഗ്രഹിക്കുന്നു."

അതിനാൽ ജ്ഞാനസ്നാനം കൊടുക്കേണ്ടവിധം ഞാൻ അവനെ പഠിപ്പിച്ചു. പിറേറന്നാൾ എന്താണു വിശേഷം എന്നു ഞാൻ ചോദിച്ചപ്പോൾ അച്ചാ! അമ്മയ്ക്കു കുറെ സുഖമായിരിക്കുന്നു എന്നവൻ പറഞ്ഞു.

കുറെദിവസങ്ങൾക്കുശേഷം ഒരു പ്രഭാതത്തിൽ അവന്റെ കുഞ്ഞു സഹോദരിയായ മിനേക്കോ ധൃതിപ്പെട്ടു് ഓടിവന്ന് "അച്ചാ! എന്റെ സഹോദരൻ ലൂയീസ് ചെയ്യതെന്താണെന്ന് അച്ചൻ അറിഞ്ഞോ?" എന്നെന്നോടു ചോദിച്ചു.

"ഇല്ല അവൻ എന്തുചെയ്തു"?

"ഒരു ചെറിയ പെൺകുട്ടി-അവളുടെ പേരു ഹ്സാക്കോഇന്നുബാ-ദീനം കലശലായി മരിക്കാറായി. ലൂയീസ് ഇതു കേട്ടപ്പോൾ ഒരു പാത്രം വെള്ളവുമായി അവളുടെ വീട്ടിലേക്കു ഓടിച്ചെന്നു് അവളുടെ അമ്മയോടു് ഈ കുട്ടി മാമ്മോദീസാ മുങ്ങാതെ മരിക്കുവാൻ സമ്മതിക്കരുതു്. എന്നു പറഞ്ഞു. അവളുടെ അമ്മ ഇതുകേട്ടു എന്തു ചെയ്യേണ്ടുവെന്നറിയാതെ അന്ധാളിച്ചു നില്ക്കുമ്പോൾ ലൂയീസു വെള്ളവുമായി കുട്ടിയുടെ അടുത്തുചെന്നു, മാമ്മോദീസാ മുക്കുവാൻ എനിക്കറിയാം എന്നു പറഞ്ഞുകൊണ്ടു അവൾക്കു ജ്ഞാനസ്നാനം കൊടുത്തു.

അതിന്റെശേഷം ലൂയീസു അവളുടെ മാതാപിതാക്കന്മാരോടു ഇപ്പോൾ അവൾ മരിച്ചാൽ മോക്ഷത്തിൽ പോകും എന്നു പറഞ്ഞു."

ഞാൻ എൻെറ ബാല അപ്പസ്തോലൻെറ എരിവും ശുഷ്കാന്തിയുംകേട്ട് അത്യധികം സന്തോഷിച്ചുവെങ്കിലും പെട്ടെന്നു, എന്നാൽ മേരീ! ലൂയീസ് ജ്ഞാനസ്നാനം കൊടുക്കുന്നതിന് മുൻപ് അവൾക്കു വല്ല ഉപദേശങ്ങളും പറഞ്ഞുകൊടുത്തില്ലേ? എന്നു ചോദിച്ചു.

ഇല്ലച്ചാ! ഇല്ല! ഫ്രസാക്കോസ്സു രണ്ടോ മൂന്നോ വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു എന്നു മേരി ഉത്തരിച്ചു. ഭേഷായി എന്നു പറഞ്ഞുകൊണ്ടു ഞാൻ ചിരിച്ചു. അപ്പോൾ അവൾ അച്ചാ! ഫ്രസാക്കോ മാമ്മോദീസാ മുങ്ങി രണ്ടോ മൂന്നോ മണിക്കൂർ കഴിഞ്ഞപ്പോൾ മരിച്ചു എന്നവൾ തുടന്നു പറയുവാൻ തുടങ്ങി.

ഈ വസ്തുത കേട്ടപ്പോൾ ഞാൻ അല്പമൊന്നു് അന്ധാളിച്ചു. സംശയ നിവാരണത്തിന്നായി, ഇതെല്ലാം വാസ്തവമോ എന്നു ഞാൻ വേറൊരിക്കൽ ലൂയീസിനോടു ചോദിച്ചു. അവൻ എൻെറ ചോദ്യങ്ങൾക്കെല്ലാം സമ്മത ഭാവത്തിൽ പുഞ്ചിരിയോടുകൂടി മറുപടി നൽകി. എന്നാൽ ഈ ചരിത്രം ഇതുകൊണ്ടവസാനിച്ചില്ല.

ചില ദിവസങ്ങൾക്കുശേഷം അപരിചിതയായ ഒരു സ്ത്രീ എന്നെക്കാണുവാൻ വന്നു. അച്ചാ! എൻെറപേരു് ഇന്നബാ എന്നാകുന്നു. ലൂയീസ് മാമ്മോദീസാ മുക്കിയ ഫ്രസാക്കോയുടെ അമ്മ ഞാനത്രേ.ഈ സംഗതിയെല്ലാംഅച്ചൻ അറിഞ്ഞോ? എന്നുഅസ്ത്രീ എന്നോടു ചോദിച്ചപ്പോൾ സമസ്തവും അറിഞ്ഞുകഴിഞ്ഞു എന്നു ഞാൻ പറഞ്ഞു. അവൾ പിന്നെയും തുടന്നു, ലൂയീസ് എൻെറ കുഞ്ഞു മോക്ഷത്തിൽ പോയി എന്നുംമോക്ഷത്തിൽ പോകുവാൻ ജ്ഞാനസ്നാനം സ്വീകരിക്കണമെന്നും എന്നോടു പറഞ്ഞു. അതിനാൽ എനിക്കും മാമ്മോദീസാ മുങ്ങണം.

അപ്രകാരം ആ സ്ത്രീ വേദോപദേശപഠനത്തിനു ശേഷം ജ്ഞാനസ്നാനം കൈക്കൊണ്ടു് ഇപ്പോൾ ഒരുത്തമ കത്തോലിക്കയായി ജീവിക്കുന്നു.

ഒരു ദിവസം മേരിമിനേക്കോ തവുമാറാ (അവളുടെ പൂർണ്ണപ്പേരു് അതായിരുന്നു.) ആനന്ദതുന്ദിലയായി സന്തോഷ വദനത്തോടെ എൻെറ സമീപം ഓടിവന്നു "ഓ പ്രിയ അച്ചാ! അങ്ങറിഞ്ഞോ അച്ചാ ലൂയീസ് എൻെറ അപ്പച്ചനെ മനസ്സുതിരിച്ചു„ എന്നു പറഞ്ഞു.

എപ്രകാരം അതു സംഭവിച്ചു എന്നു ഞാൻ ചോദിച്ചപ്പോൾ അവൾ മറുപടിയായി കരഞ്ഞുകൊണ്ടു് "അവൻ അമ്മയോടു പറയും അമ്മച്ചീ ഞാൻ കുർബാന കൈക്കൊള്ളുന്നു. പൂജയ്ക്കു സഹായിക്കുന്നു. എന്നാൽ അമ്മച്ചിയും അപ്പച്ചനും ഇതാ കാവ്യരെപ്പോലെ ബുദ്ധമതക്കാരായിരിക്കുന്നു. അതിൻെറശേഷം വീണ്ടും അവൻ കരയും.

ഒരു അസ്തമന സമയത്തു അപ്പച്ചൻ ലൂയീസിനോടു പറഞ്ഞു. യുകീകോ! ഞാനും ജ്ഞാനസ്നാനപ്പെടാം. എന്നാൽ നിൻെറ പള്ളിയിൽ ഏതു വിധം ആചരിക്കണമെന്നു് എനിക്കറിഞ്ഞുകൂടാ. എനിക്കു പ്രാർത്ഥിക്കുവാനോ നിൻെറ അച്ചനോടു സംസാരിക്കുവാനോ അറിയുവാൻ പാടില്ല. എനിക്കൊന്നും അറിഞ്ഞുകൂടാ.

ആ! പ്രിയ അപ്പച്ചാ! ലൂയീസ് പറഞ്ഞു, അതു സാരമില്ല. അതെല്ലാം ഞാൻ പറഞ്ഞുതരാം.,

അപ്പച്ചൻ കത്തോലിക്കനാകുവാൻ ആഗ്രഹിക്കുന്നുവെന്നു കണ്ടപ്പോൾ അമ്മച്ചിയും ലൂയീസിനോടു പറഞ്ഞു: 'ഞാനും ജ്ഞാനസ്നാനപ്പെടും.,,

എല്ലാ അസ്തമന സമയവും പിതാവു ജോലിയുടെ ശേഷം ക്ഷീണിച്ചിരുന്നുവെങ്കിലും ലൂയീസ് അയാളെ സാൻ ഗൊൺസാലാപള്ളിയിൽ വേദോപദേശം പഠിപ്പിക്കുവാൻ കൂട്ടിക്കൊണ്ടുവരും. ആ! സാധുപിതാവു്! കത്തോലിക്കനാകുവാൻ എന്തെല്ലാം ത്യാഗങ്ങളാണ് അയാൾ ചെയ്യേണ്ടിവന്നതു്! അവസാനത്തിൽ അനേകമാസങ്ങളുടെ പഠനശേഷം അയാളും ഭാര്യയും ജ്ഞാനസ്നാനം കൈക്കൊണ്ടു. ഇന്നു തവുമാറാകുടുംബം ജപ്പാനിലെ ഏററം നല്ല ഒരു കത്തോലിക്ക കുടുംബമത്രെ. എപ്പോഴെങ്കിലും എൻെറ ആട്ടിൻകൂട്ടത്തെ സന്ദശിക്കുവാൻ അവഴി ഞാൻ പോകുമ്പോൾ ചില സമ്മാനങ്ങൾ അവർ നിബന്ധപൂ

ർവ്വം എനിക്കു തന്നു അവരുടെ നന്ദിയും സ്നേഹവും എന്നോടു പ്രദർശിപ്പിച്ചുവരുന്നു. ഈശോയെ അവക്കു അറിയിച്ച അതിന്റെ പേരിൽ നിശ്ചയമായും അവക്കു ബഹുമാനവും സ്നേഹവുമുണ്ടു്.........

ഇപ്രകാരമുള്ള എരിവോടുകൂടിയ ബാലഅപ്പസ്തോലന്മാരെ കാണുന്നതു എത്രയോ ആശ്വാസപ്രദവും ആനന്ദകരവുമായിരിക്കുന്നു? കുറഞ്ഞൊരുകാലത്തിനുമുൻപു ബുദ്ധമതം സ്വീകരിച്ചിരുന്നവരും ഇപ്പോൾ ക്രിസ്തുമതം കൈക്കൊണ്ടിരിക്കുന്നവരുമായ ഈ ജനതാമദ്ധ്യത്തിൽ വസിക്കുന്നതു എത്രയോ പരമാനന്ദമായിരിക്കുന്നു. ഈവിധമുള്ള വാചാമഗോചരമായ സന്തോഷം അനുഭവിക്കുന്നതിനു സ്വന്ത ഭവനത്തേയും സ്വദേശത്തേയും സ്വന്ത ജനങ്ങളേയും, എന്നു വേണ്ട സകലത്തേയും ഉപേക്ഷിക്കുന്നതു് ഏററവും യോജിച്ചതത്രെ.

ഈ സംഭവം വായിക്കുന്നവരേവരും, പ്രത്യേകിച്ചു നിർമ്മല ഹൃദയങ്ങളായ കേ. സി. സി. ഏ. സംഘാംഗങ്ങൾ മുതലായവരും, ഈ ബാലന്റെ മാതൃക കൈക്കൊണ്ടു മാനസാന്തര വേലയിൽ ശുഷ്കാന്തിയുള്ളവരായി തങ്ങളുടെ അനുദിനാപേക്ഷകളും പ്രവൃത്തികളും പ്രത്യേകം വിശുദ്ധ കുർബാന ഉൾക്കൊള്ളലും അകത്തോലിക്കരുടെ മാനസാന്തരത്തിന്നായി കാഴ്ചവെക്കുന്നുവെങ്കിൽ അതു് എത്രയോ മഹത്തായ ഒരു അപ്പസ്തോലവേലയായിരിക്കും. അതിന്റെ ഫലം അതിശയനീയമായിരിക്കുമെന്നതിനും സംശയമില്ല.

# പത്താംപീയൂസും ദിവ്യകാരുണ്യസ്വീകരണവും.

(തുടർച്ച.)

(ക. നി. മൂ. സ. ബ. പീയൂസ് പട്ടക്കാരൻ.)

പരിശുദ്ധ പിതാവു് തന്നെ ദൃഷ്ടാന്തസഹിതം വിശുദ്ധകുർബാനയുടെ സ്വീകരണത്തിനു ഒരു കുട്ടിയ്ക്കു വേണ്ടജ്ഞാനമെന്തെന്നു വിശദമാക്കുന്നുണ്ടു്. ഒരിക്കൽ ഇംഗ്ലണ്ടുകാരിയായ ഒരു സ്ത്രീ തന്റെ നാലുവയസ്സു പ്രായമുള്ളപുത്രനോടൊന്നിച്ചു പരിശുദ്ധപിതാവിനെ സന്ദർശിച്ചു. സംസാരം ഏകദേശം അവസാനിക്കാറായപ്പോൾ കുട്ടി ഓടിച്ചെന്നു പരിശുദ്ധപിതാവിന്റെ മുട്ടുകളിന്മേൽ തന്റെ പിഞ്ചുകരങ്ങളെ വച്ചു് അങ്ങേ മുഖം സൂക്ഷിച്ചുകൊണ്ടു നിലയായി. പരിശുദ്ധപിതാവു് ബാലനെ തലോടിക്കൊണ്ടു് ഓരോന്നു ചോദിച്ചുതുടങ്ങി.

പാപ്പാ— അവനു് എത്രവയസ്സുണ്ടു്?

അമ്മ— നാലുവയസ്സുപ്രായമുണ്ടു്. രണ്ടു മൂന്നുകൊല്ലം കഴിയുമ്പോൾ ആദ്യകുർബാന ഉൾക്കൊള്ളൽ നടത്തും.

പാപ്പാ ബാലന്റെ നേരെ തിരിഞ്ഞുകൊണ്ടു് വി. കുർബാനയിൽ നീ ആരെ ഉൾക്കൊള്ളുന്നു?

ബാലൻ— ഈശോമ്ശിഹായേ!

പാപ്പാ— ഈശോമ്ശിഹാ ആരാകുന്നു?

ബാലൻ— (ഒട്ടും താമസം വരുത്താതെ) ഈശോമ്ശിഹാ ദൈവമാകുന്നു.

പാപ്പാ— അവനെ നാളെ കൊണ്ടുവരിക, ഞാൻ തന്നെ അവനു വിശുദ്ധ കുർബാന എഴുന്നെള്ളിച്ചുകൊടുക്കാം.

ഇപ്രകാരം കുട്ടികളുടെ ദിവ്യകാരുണ്യസ്വീകരണം ലഘുവാക്കി ചെയ്യുന്നു

നിമിത്തം പരിശുദ്ധപിതാവ് അതിവേഗം ബാലലോകത്തിൻെറ പ്രേമഭാജനമായി ഭവിച്ചു. ഇതിനെ ലക്ഷ്യമാക്കി നന്ദിസൂചകങ്ങളായ കത്തുകൾ പരിശുദ്ധപിതാവിനു ആദ്യകുർബാന ഉൾക്കൊള്ളുന്ന കുട്ടികളിൽ നിന്നു ധാരാളമായി കിട്ടിക്കൊണ്ടിരുന്നു. ഇതെല്ലാം ആ സംപൂജ്യനെ വളരെ സന്തോഷിപ്പിച്ചു. അവിടുന്നു കുട്ടികളെ വളരെ സ്നേഹിച്ചിരുന്നു. സ്വന്തകരം കൊണ്ടുതന്നെ ചിലപ്പോൾ അവർക്കു വി. കുർബാന എഴുന്നെള്ളിച്ചുകൊടുക്കും. റോമ്മായിലെ ആദ്യകുർബാന ഉൾക്കൊള്ളുവാനുള്ള കുട്ടികളെയെല്ലാം ക്ഷണിച്ചുവരുത്തി അവരുടെ ബുദ്ധിയ്ക്കനുരൂപമായവിധം ചെറുതായ ഉപദേശങ്ങൾ തിരുമനസ്സുകൊണ്ടു ചെയ്യാറുണ്ടായിരുന്നു. കീഴ്വഴക്കം, സ്വാർത്ഥത്യാഗം, പഠനത്തിൽ ഉത്സാഹം, പ്രാർത്ഥനയിൽ സൂക്ഷ്മം, ദൈവകാര്യങ്ങളിൽ ശുഷ്കാന്തി, കൂദാശകളുടെ നിരന്തരമായ സ്വീകരണം, സർവ്വോപരി വി. കുർബാനയുടെ നേർക്കുള്ള ഭക്തി എന്നിവയായിരുന്നു ഉപദേശവിഷയങ്ങൾ.

വിവിധരാജ്യങ്ങളിൽനിന്നു കുട്ടികൾ കൂട്ടം കൂട്ടമായിട്ടാണ് പ്രഥമസൽപ്രസാദസ്വീകരണം കഴിഞ്ഞ് പരിശുദ്ധപിതാവിനെ സന്ദർശിച്ചിരുന്നത്. ഒരിക്കൽ ഇപ്രകാരം വന്നുചേൎന്ന ബാലസംഘത്തിനുവേണ്ടി വി. പത്രോസിൻെറ ദേവാലയത്തിൽ പാട്ടുകുർബാന പാടി ദിവ്യകാരുണ്യം കൊടുത്തശേഷം കാർമ്മികനായ അഗസ്തീനോസ് സഭാശ്രേഷ്ഠൻ പറഞ്ഞ വാക്കുകൾ ഇവിടെ അവസരോചിതങ്ങളാണ്. "ചക്രവർത്തികളും, രാജാക്കന്മാരും, പത്രോസിൻെറ പിൻഗാമിയുടെ പാദത്തിങ്കൽ തൊഴുന്നതിനായി റോമിൽ വന്നിട്ടുണ്ട്. ഭടന്മാരും കുരിശു യുദ്ധക്കാരും തങ്ങളുടെ ആയുധങ്ങൾക്കു ആശീർവ്വാദം വാങ്ങുന്നതിനായി വന്നിട്ടുണ്ട്; എല്ലാ ജാതിക്കാരും, എല്ലാതരക്കാരും, ഭൂമുഖത്തുള്ള മ്ശിഹായുടെ പ്രതിനിധിയുടെ നേൎക്കു വന്ദനം ചെയ്തിട്ടുണ്ട്. എന്നാൽ ആദ്യമായി ദിവ്യകാരുണ്യമുൾക്കൊണ്ടവരുടെ ഒരു മഹാ സംഘം ഇതിനു മുൻപൊരിക്കലും മ്ശിഹായുടെ പ്രതിനിധിയോട് റോമിലുള്ള തൻെറ അരമനയിൽ വന്നു നന്ദിപറഞ്ഞിട്ടില്ല."

൧൦-ാം ലും ൧൧-ാം ലും ൧൨-ാം പീയൂസ് മാർപ്പാപ്പാ പുറപ്പെടുത്തിയ കല്പനകൾ മൂലം നിരന്തര ദിവ്യകാരുണ്യ സ്വീകരണം അത്ഭുതപൂൎവ്വമായി വർദ്ധിച്ചുവെന്നു മാത്രം ചുരുക്കി പറഞ്ഞുകൊള്ളട്ടെ.

ഇത്രയും പ്രസ്താവിച്ചതിൽ നിന്നു സിദ്ധിക്കുന്ന അനുമാനങ്ങളിലൊന്നു വിശുദ്ധ കുർബാനയെന്ന ദിവ്യ അപ്പമെന്താണെന്നോ, അഥവാ മററു അപ്പങ്ങളിൽ നിന്നു അതിനുള്ള വ്യത്യാസമെന്തെന്നോ അറിവുള്ളവരെല്ലാവരും തിരുമേശയ്ക്കടുക്കാമെന്നാണല്ലൊ. ചെറുകുട്ടികൾക്കു ഈ ദിവ്യ കൂദാശയെക്കുറിച്ചുള്ള അറിവ് ഉണ്ടോ, ഇല്ലയൊ എന്നു നിൎണ്ണയം ചെയ്യുന്നത് പുരോഹിതൻമാരാണ് കൂട്ടതലായി യോജിക്കുന്നത്. നിശ്ചിതജ്ഞാനം കുട്ടികളിലുണ്ടെന്നു കണ്ടു ദിവ്യകാരുണ്യ സ്വീകരണത്തിനായി അവരെ വൈദികർ സന്തോഷപൂൎവ്വം ഉപദേശിക്കുമ്പോൾ മറു ഭാഗത്തുനിന്നു "സമയം ആയിട്ടില്ല" "അറിവ് പോരാ" എന്നൊക്കെ പറഞ്ഞു ബാലഹൃദയങ്ങളെ ദിവ്യ ജീവൻെറ ഉറവയിൽ നിന്നകററി നിറുത്തുന്ന മാതാപിതാക്കന്മാരുടെ ക്ഷന്തവ്യമല്ലാത്ത അജ്ഞതയെ സഹതാപ പൂൎവ്വം ഇവിടെയെടുത്തു പറയാതെ ഗത്യന്തരമില്ല.

വേറൊരു അനുമാനം വി. കുർബാനയുടെ സ്വീകരണം നിരന്തരമായി നടത്തണമെന്നുള്ളതാണ്. അപൽസംപൂൎണ്ണങ്ങളായ പ്രപഞ്ച പദാർത്ഥങ്ങളുടെ മദ്ധ്യേയാണ് നാം സ്ഥിതിചെയ്യുന്നത്. ശത്രുവായ പിശാച് ആരെ വിഴുങ്ങണമെന്നു വച്ച് അലറിക്കൊണ്ട് ചുററിതിരിഞ്ഞു നടക്കുന്നതിനെ നാം കാണുന്നില്ലയോ? അടിയെ ഇളക്കി മറിച്ചു കളയത്തക്ക വിധം ഊക്കോടെ അടിച്ചു കൊണ്ടിരിക്കുന്ന ബഹുമാന പ്രീതിയെന്ന കൊടുങ്കാററിൻെറ ഘോരാരവം സദാകേൾക്കുന്നില്ലേ? പച്ചത സമാനമുയൎന്നു നമ്മുടെ മേൽ തല്ലിഅലച്ചു വീഴുന്ന മാംസേച്ഛയുടെ ഓളങ്ങളെ നാംനി


രന്തരമായി സ്പൎശിക്കുന്നില്ലയോ? കടലിൻമീതെ നടന്നുപോകയിൽ താൻ മുങ്ങിപ്പോകുമെന്നു കണ്ടു "കൎത്താവേ എന്നെ രക്ഷിയ്ക്കണമെ" (മത്താ. ൧൪. ൩൦) എന്നു പത്രോസിനെപ്പോലെ വാവിട്ടുകരയുന്നതിനു നാം നിർബന്ധപ്പെടുന്നില്ലയോ? ആപത്തിൽനിന്നു വിമുക്തനാകുന്നതിനായി മ്ശിഹായുടെ കരത്തെ പിടിച്ചു അങ്ങയോടു ഏകീഭവിച്ചതു മൂലം പത്രോസ് എപ്രകാരം ശക്തി പ്രാപിച്ചുവോ, അപ്രകാരം നാമും വിപത്തിൽ നിന്നു എപ്പോഴും സ്വാതന്ത്ര്യരാകുന്നതിനുള്ള പ്രാപ്തിലഭിക്കുന്നതിനു വി: കുർബ്ബാനനിരന്തരമായി ഉൾക്കൊണ്ടുകൊണ്ടു മ്ശിഹായോടു യോജിക്കേണ്ടിയിരിയ്ക്കുന്നു. എന്തെന്നാൽ പത്താംപീയൂസ് പാപ്പാ പറയുന്നു. "മതവും കത്തോലിക്ക വിശ്വാസവും നാനാഭാഗത്തുനിന്നും ആക്രമിക്കപ്പെടുകയും, യഥാൎത്ഥ ദൈവസ്നേഹവും സാക്ഷാത്തായ ഭക്തിയുംപലസ്ഥലത്തും കുറഞ്ഞിരിയ്ക്കുകയുംചെയ്യുന്ന ആധുനികകാലത്ത് അനുദിന ദിവ്യകാരുണ്യ സ്വീകരണമെന്ന രക്ഷാകരകൃത്യംവഴി വിശ്വാസികൾ ശക്തിപ്രാപിയ്ക്കുകയും ദൈവസ്നേഹം അവരുടെ ഹൃദയങ്ങളിൽ കത്തിജ്വലിക്കുകയും ചെയ്യേണ്ടതു് വളരെ അത്യാവശ്യമാണ്."

സുവിശേഷത്തിൽ പറഞ്ഞിരിയ്ക്കുന്ന മഹാവിരുന്നിന് ക്ഷണിയ്ക്കപ്പെട്ടവർ ഓരോ ഒഴിവുകഴിവുകൾ പറഞ്ഞു മാറിപ്പോയതുപോലെ പ്രവൎത്തിയ്ക്കാതെ മ്ശിഹായുടെ ക്ഷണവും തിരുസഭയുടെ ഉപദേശവുമനുസരിച്ചു എല്ലാവരും സ്ത്രീപുരുഷഭേദമെന്യെ തിരുമേശയ്ക്കടുത്തു ദൈവപുത്രൻെറ തിരുമാംസം ഭുജിക്കയും തിരുരക്തം പാനം ചെയ്യുകയും ചെയ്യട്ടെ. ഇതിനുവി. കുർബ്ബാനയുടെപാപ്പാഎന്ന അപരനാമത്താൽ ജഗൽപ്രസിദ്ധനും, അനുഗ്രഹീതനെന്ന നാമത്താൽഅലംകൃതമാകാനിരിയ്ക്കുന്നവനുമായ പത്താം പീയൂസ് ഏവരേയും അനുഗ്രഹിയ്ക്കട്ടെ!

### ൧൦൮൯ ധനുമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

### വലിയ നഗരങ്ങളിലെ യുവജനങ്ങൾ.



സഭയുടെയും സമുദായത്തിൻെറയും ഭാവി യുവജനങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. അവർ ഏതുവിധം വളൎത്തപ്പെട്ടുന്നോ, ഏതു തരത്തിലുള്ള വിദ്യാഭ്യാസാദി പരിശീലനങ്ങൾ അവൎക്കു സിദ്ധിക്കുന്നോ, അതിനനുസരിച്ചിരിക്കും അവരുടെ അനന്തര ജീവിതം. പരിഷ്കാരം അത്ര മൂൎദ്ധന്യത്തെ പ്രാപിച്ചിട്ടില്ലാത്ത നാട്ടിൻപുറങ്ങളിലും മററും മാതാപിതാക്കന്മാർ ആദിയായി യുവജനങ്ങളുടെ വളൎത്തലിൽചുമതലപ്പെട്ടവർ ഇന്നും മേല്പറഞ്ഞ തത്വങ്ങളെ ഓൎമ്മിച്ചു പ്രവൎത്തിച്ചു വരുന്നുണ്ടെന്നുള്ളതു ആശ്വാസപ്രദം തന്നെ. എന്നാൽ വലിയ നഗരങ്ങളിലും മററുമുള്ള സംപ്രദായം ഇതിൽനിന്നു വളരെ വ്യത്യാസപ്പെട്ടാണു വരുന്നതു്. അതിരുകടന്ന സ്വാതന്ത്ര്യം യുവജനങ്ങളെ അധികാരസീമയിൽ നിന്നെല്ലാം അകററി നാശക്കുപത്തിലേക്കു കൊണ്ടുപോകുന്നു; വിശ്വാസവും സന്മാൎഗ്ഗനിഷ്ഠ

യും ക്ഷയിച്ചുവരുന്നു; നാലു ദിക്കിൽ നിന്നും കത്തിപ്പടൎന്നുവരുന്ന അബദ്ധോപദേശങ്ങളിലേക്കു അവർ സദാ ആകൎഷിക്കപ്പെടുന്നു. അസാധാരണമായ ശ്രദ്ധ അവരുടെ വിഷയത്തിൽ പതിച്ചില്ലെങ്കിൽ ഭയങ്കര വിപത്തിൽപ്പെട്ടു അവർ നഷ്ടീഭവിക്കുന്നതാണു്. പ്രസിദ്ധ സഭാപിതാവായ വി. ബനദിക്തോസ് ചെറുപ്പത്തിൽ വിദ്യാഭ്യാസത്തിനായി റോമാ നഗരത്തിലെത്തുകയിൽ, അവിടത്തെ യുവാക്കന്മാരുടെ ലജ്ജാവഹമായ ജീവിത സംപ്രദായവും ദൈവനിരാസവും കണ്ടു് ഭയന്നു്, വനവാസത്തിനായി തിരിക്കയാണുണ്ടായതെന്നു ചരിത്രം ഘോഷിക്കുന്നു. അന്നത്തേതിൽ എത്രയോ ദയനീയമായ ഒരു നിലയിൽ ഇപ്പോൾ കാൎയ്യങ്ങൾ എത്തിയിട്ടുണ്ടായിരിക്കും എന്നു ഓൎക്കുമ്പോൾ തന്നെ ഭയം തോന്നുന്നു. ലോകത്തിന്റെ ഇന്നത്തെ പ്രധാനമായ ഒരു നാശകാരണം ഇതല്ലാതെ വേറൊന്നുമല്ല. എന്നാൽ നഗരങ്ങളിലും പരിഷ്കൃത കേന്ദ്രങ്ങളിലുമുള്ള ഈ വിഷക്കാറു അവിടെത്തന്നെ നില്ക്കുമെന്നോ നില്ക്കുന്നെന്നോ കരുതാവുന്നതല്ല. എല്ലാഭാഗങ്ങളിലേക്കും അതു പ്രവഹിച്ചു തുടങ്ങിയിട്ടുണ്ടു്. ആകയാൽ അതിലേക്കുള്ള പ്രതിവിധികൾ സൎവ്വശക്തിയോടുംകൂടി പ്രയോഗിക്കേണ്ടതത്യാവശ്യമായിത്തീൎന്നിരിക്കുന്നു. അതുകൊണ്ടുതന്നെയാണു പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു വത്സരാവസാനമായ ഈ മാസത്തിലേക്കുള്ള പ്രത്യേക നിയോഗമായി ഈ സംഗതി നിശ്ചയിച്ചിട്ടുള്ളതു. യുവാക്കന്മാരുടെ വളൎത്തലിൽ ചുമതലപ്പെട്ടവരെല്ലാവരും തങ്ങളുടെ ഗൗരവമേറിയ ഈ കടമയെ അനുസ്മരിച്ചു പ്രവൎത്തിക്കയും, സകല വിശ്വാസികളും തങ്ങളുടെ പ്രാൎത്ഥനകളാൽ ഇക്കാൎയ്യത്തിൽ സഹായിക്കുകയും ചെയ്യേണ്ടതാകുന്നു.

ജനുവരി:— "എല്ലാവരും ഒന്നായിരിപ്പാൻ"

# ക: നാഥയുടെ കുഞ്ഞുമക്കൾക്കു്.

## I. വി. യോഹന്നാൻ ബൎക്കുമാൻസ്.

### 12. പുണ്യവാനെന്നു പേരു വിളിക്കുന്നു.

പ്രിയ കുഞ്ഞുങ്ങളെ,

നമ്മുടെ പുണ്യബാലൻ മരിച്ചുകഴിഞ്ഞയുടനെ ശരീരം ദേവാലയത്തിൽ കൊണ്ടുപോയി സ്ഥാപിച്ചു. വാതിലുകൾ അടച്ചു് ഏതാനും പേർ കാവൽ നിന്നിരുന്നുവെങ്കിലും ഭക്തിപരവശരായ ആളുകളുടെ തിക്കും തിരക്കും അസഹ്യമായിത്തീൎന്നു. മൃതശരീരത്തിലിട്ടിരുന്ന പുഷ്പങ്ങളും, വസ്ത്രങ്ങൾ മുതലായവയും കുറേശ്ശേ തിരുശേഷിപ്പായി ഓരോരുത്തർ കൊണ്ടുപോയിത്തുടങ്ങി. അതിനാൽ വസ്ത്രങ്ങൾ രണ്ടുമൂന്നു തവണ മാറിമാറി ഇടേണ്ടിവന്നു. കോളജിൽ അദ്ധ്യാപകന്മാരുടെ അന്നത്തെ പ്രസംഗവിഷയം ഏറിയപങ്കും പരേതനായ ഈ പരിശുദ്ധ ബാലൻ തന്നെയായിരുന്നു. വി. ലൂയീസിന്റെ കപ്പേളയിലാണു് മൃതശരീരം ആദ്യം സ്ഥാപിക്കപ്പെട്ടതു്. പുണ്യവാന്റെ ആത്മമിത്രമായിരുന്ന ഫാദർ പിക്കൊലോമിനി ചെയ്ത ചരമപ്രസംഗം പുണ്യബാലന്റെ സുകൃതപരിമളത്തെ കുറേക്കൂടെ എല്ലാവൎക്കും വെളിപ്പെടുത്തി. ഏതായാലും പേരുവിളിക്കാത്ത പരിശുദ്ധന്മാൎക്കു ബഹുമാനവണക്കങ്ങൾ കാണിക്കാൻ പാടില്ലെന്നുള്ള സഭാനിയമത്തെ ഓൎത്തു ഈശോസഭയുടെ ജനറാൾ ബൎക്കുമാൻസിന്റെ തിരുശേഷിപ്പുകൾ മുതലായവ മേലാൽ ആൎക്കും കൊടുത്തുകൂടാ എന്നു മുടക്കുവയ്ക്കേണ്ടതായിവന്നു. എന്നിട്ടും ജനങ്ങളുടെ ഭക്തിക്കു

ഒരു കുറവുമുണ്ടായില്ലെന്നു മാത്രമല്ല, റോമയിലും ബൽജിയത്തിലും പുണ്യവാൻെറ സഹായത്താൽ പല അത്ഭുതങ്ങൾ നടക്കുന്നതായി നാൾക്കുനാൾ തെളിഞ്ഞുതുടങ്ങി. അടുത്തയാണ്ടുതന്നെ പുണ്യവാൻെറ നാമകരണത്തിനായുള്ള ചില പരിശോധനകൾ ആരംഭിച്ചു. എങ്കിലും മരിച്ചിട്ട അമ്പതുകൊല്ലം കഴിഞ്ഞല്ലാതെ ഈവിധ നടപടികൾ നടത്താൻ പാടില്ലെന്നുള്ള അന്നത്തെ പ്രമാണം നിമിത്തം ഔദ്യോഗികമായ പര്യന്വേഷണങ്ങൾ നിറുത്തി വയ്ക്കുയാണുണ്ടായതു്. അനന്തരം 1745-ൽ മുറയ്ക്കു പരിശോധനകൾ വീണ്ടും തുടങ്ങിയെങ്കിലും ഈശോസഭ അതിനിടയ്ക്കു നിറുത്തലാക്കിയതിനാൽ ഈ സംഗതിയും മുന്നോട്ടു കൊണ്ടുപോകാനിടയായില്ല. ഒടുവിൽ ഒൻപതാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ൧൮൬൫-ാമാണ്ടു- ബർക്കുമാൻസിനെ വാഴ്ത്തപ്പെട്ടവനെന്നു നാമകരണം ചെയ്കയും, ൧൮൮൮ ജനുവരി ൧൫-ാംനു- പതിമ്മൂന്നാം ലെയോൻ മാർപ്പാപ്പാ വിശുദ്ധന്മാരുടെ പട്ടികയിൽ നമ്മുടെ പരിശുദ്ധ ബാലനെ ചേർത്തു ആഘോഷമായി പ്രഖ്യാപനം ചെയ്കയും ചെയ്തു. ഇന്നു റോമയിലെ വിശുദ്ധ ഈനാസ്യോസിൻെറ ബ്രഹ്മാണ്ഡദേവാലയത്തിൽ രണ്ടു പ്രധാനപീഠങ്ങൾ കാണാം. വലത്തുവശത്തുള്ള മനോഹരമായ അൾത്താരയ്ക്കടിയിൽ രാജകുമാരനായ വി. ലൂയീസ് ഗോൺസാഗായുടെയും, ഇടത്തുവശത്തുള്ളതിൻെറ അടിയിൽ ചെരുപ്പുകുത്തിയുടെ മകനായ വി. യോഹന്നാൻ ബർക്കുമാൻസിൻെറയും അവശിഷ്ടങ്ങൾ സ്ഥിതിചെയ്യുന്നു. ഹാ! എത്രയോ അത്ഭുതങ്ങൾ പ്രതിവത്സരം അവിടെ നടക്കുന്നു. എത്ര ചെറുപ്പക്കാരെ ഈവിശുദ്ധരുടെ സ്വർഗ്ഗീയമാതൃക ദൈവത്തിൻെറ പക്കലേക്കു അടുപ്പിക്കുന്നു. ഞങ്ങളുടെ സ്നേഹം നിറഞ്ഞ മദ്ധ്യസ്ഥനായ വി. യോഹന്നാൻ ബർക്കുമാൻസേ! ഞങ്ങളും നിന്നോടുകൂടെ സ്വർഗ്ഗഭാഗ്യത്തിൽ വന്നു ചേരുന്നതുവരെ ഇടവിടാതെ ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചുകൊള്ളണമേ.

## II. ഈമാസത്തെ മദ്ധ്യസ്ഥ.- അലക്സാന്ത്രിയായിലെ വി. കത്രീനാ.

(തിരുനാൾ ഡിസംബർ 20-ാംനു- വെള്ളിയാഴ്ച)

അലക്സാന്ത്രിയായിലെ ഒരു പ്രഭുകുടുംബത്തിൽപ്പെട്ട ഈ കന്യക പരിശുദ്ധ ദേവമാതാവിൻെറ ഒരു വാത്സല്യപുത്രിയായിരുന്നു. പാപത്താൽ തൻെറ ഹൃദയത്തെ മലിനപ്പെടുത്തുന്നതിനേക്കാൾ ദുഷ്ടരാജാവിൻെറ കോപാഗ്നിക്കിരയായി മരിക്കുന്നതിനു അവൾ തയാറായി. തൻെറ ആശ്രിതരെ ഈവിധ ആവശ്യങ്ങളിലെല്ലാം സഹായിക്കുന്നതിനു ഈ പുണ്യവതിക്കുള്ള ശക്തി അസാമാന്യമാണ്. ഫ്റാൻസിനെ രക്ഷിച്ച ധീരയുവതിയായ വി. ജോവാൻ ഓഫ് ആർക്കിനെ തൻെറ അനർത്ഥങ്ങളിലെല്ലാം പ്രത്യക്ഷമായി സഹായിച്ചിരുന്നതു വി. കത്രീനായായിരുന്നു. വി. കത്രീനായേ! ലോകം പിശാചു ശരീരം എന്ന ശത്രുക്കളോടുള്ള യുദ്ധത്തിൽ ഞങ്ങൾ പാപത്താൽ മുറിപ്പെടാതെ ഞങ്ങളെ സഹായിച്ചുകൊള്ളണമേ.

## III. കെ. സി. സി. ഏ. ഡയറി.

നിങ്ങളുടെ ജനറൽ സെക്രട്ടറിയായ മി. എൽ. സി. ഐസക്ക് ബി. ഏ. വി. ജോവാൻ ഓഫ് ആർക്കിൻെറ ഒരു ചരിത്രം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു് നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. കുഞ്ഞുങ്ങളെല്ലാം ഈ പുസ്തകം വായിച്ചിരിക്കത്തക്കവണ്ണം വല്ല ഏർപ്പാടും ചെയ്താൽ വളരെ പ്രയോജനമായിരിക്കും എന്നാണ് ഡാക്ടർ പി. ജെ. തോമ്മസ് ഇതേപ്പററി അഭിപ്രായപ്പെട്ടിരിക്കുന്നതു്. പത്തണയാണ് പുസ്തകത്തിൻെറ വില. കുഞ്ഞുമക്കൾക്ക് അഞ്ചൽക്കൂലി



മാന്നാനം കെ. സി. സി. ഏ. സംഘങ്ങൾ.

ഇളവുചെയ്യു തരാമെന്നു് ഗ്രന്ഥകാരൻ അറിയിച്ചിട്ടുള്ളതു് നിങ്ങൾക്കും സന്തോഷകരമായിരിക്കുമല്ലോ.

* * *

അമലോത്ഭവ പ്രഖ്യാപനത്തിൻെറ വജ്റജൂബിലി ഇക്കൊല്ലമാണെന്നുള്ളതു കുഞ്ഞുമക്കൾ പ്രത്യേകം അറിഞ്ഞിരിക്കേണ്ട ഒരു കാര്യമാണ്. അമ്മയെ ബഹുമാനിപ്പാനും സ്നേഹിപ്പാനുമുള്ള ഒരുഅവസരവും നിങ്ങൾ വൃഥാ കളയരുതു്. ആകയാൽ ഇക്കൊല്ലത്തെ അമലോത്ഭവതിരുനാൾ പ്രത്യേക ഭക്തിയോടെ കൊണ്ടാടുകയും നിർമ്മലമായ ഒരു ജീവിതം കഴിപ്പാനുള്ള മനോഗുണം അമ്മയോടു അപേക്ഷിക്കയും ചെയ്യണം.

* * *

കാവൽമാലാഖായുടെ സുകൃതജപം ചൊല്ലുന്നതിനുള്ള ഒക്ടോബർമാസത്തെ മത്സരത്തിൽ കെ. വി. മാത്യു അറയ്ക്കപ്പറമ്പിൽ കാഞ്ഞിരത്താനം, പിച്ചനാട്ടു കുര്യാക്കോ ജോർജ്ജ കുമ്പളം, ചേമ്പാല അന്ന, കടുത്തുരുത്തി, കളരിക്കൽ അന്നാമ്മ വൃതിയകാവു, എന്നീയാളുകൾക്കു സമ്മാനം ലഭിച്ചിരിക്കുന്നു. ഡിസംബർമാസത്തെ മത്സരവിഷയം ഉണ്ണിമിശിഹായുടെ മുടിയ്ക്കുള്ള ആയിരംനന്മനിറഞ്ഞമറിയം തന്നെ. നവംബറിലേക്കുള്ളതു ഇക്കഴിഞ്ഞ കുസുമത്തിൽ നോക്കുക.

* * *

എല്ലാവർക്കും പിറവിയുടെ സന്തോഷം പറഞ്ഞുകൊള്ളുന്നു.

എന്നു് നിങ്ങളുടെ സ്വന്തം

കൊച്ചച്ചൻ.

## ജൂബിലി സ്മാരകം.

പരിശുദ്ധ പിതാവു തിരുമനസ്സിലെ ജൂബിലിസ്മാരകമായി ഇൻഡ്യയിൽ ദലഗാദപ്പസ്തോലിക്കാ തിരുമനസ്സിലേക്കു ഒരു മന്ദിരം പണിയിക്കുന്നതിനു ഒരുലക്ഷം രൂപാ പിരിക്കുന്നതിനാണല്ലോ ഇവിടത്തെ കമ്മററിക്കാർ തീർച്ചപ്പെടുത്തിയരുന്നതു്. ഈതുകമുഴവൻ നേരത്തെ പിരിഞ്ഞു കിട്ടിയിരിക്കുന്നതായും അതിൽ മുപ്പത്തയ്യായിരം രൂപായും കൊളമ്പുഅതിരൂപതയിൽ നിന്നുതന്നെ പിരിഞ്ഞതായും കാണുന്നു.

# കർമ്മലകുസുമം.

## ഇരുപത്തേഴാം പുസ്തകം.

## വിഷയാനുക്രമണിക.


അകത്തോലിക്കരും കത്തോലിക്ക മതപ്രചാരവും.
(ശ്രീമാൻ സി. അന്തപ്പായി ബി. ഏ.) 273
അനുതാപകീർത്തനം. (ദിവ്യശ്രീ വടക്കയിൽ ബ. മത്തായിക്കത്തനാർ.) 27
അനുമോദനങ്ങൾ 244
അമലോത്ഭവ വജ്റജൂബിലി.
റവ. ഫാദർ (റോമെയോ തോമ്മസ് സി. ഡി. എം. ഏ. എൽ. ററി.) 270
അമ്മാവോസിലെ ശിഷ്യർ. (പദ്യം)
(മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.) 81
അയർലണ്ടിലെ കത്തോലിക്കർ.
(ശ്രീമാൻ കെ. ഈ. ജോബ് എം. ഏ. എൽ.ററി.) 202
അർമേനികളും വേദപ്രചാരവും (ശ്രീമാൻ വി. ജോസഫ് ചുങ്കത്തു.) 16
അന്തിയോക്കിയാ പാത്രിയർക്കീസ്. 210
അക്ഷരാഭ്യാസമില്ലാത്ത മഹതി (റവ.സക്കറിയാസ് പൂവത്തുങ്കൽ) 35, 58, 83,
ആകാശത്തിൽ കേൾക്കപ്പെട്ട സ്വരം
(വെറി റവ. ഫാദർ അലക്ക്സാണ്ടർ സി. ഡി.) 29
ഇതാ മാനുഷൻ (പാന) (ദിവ്യശ്രീ ക. നി. മൃ. സ. മാണിക്കത്തനാർ) 57
ഇൻഡ്യയുടെ മാനസാന്തരം (റവ. ഫാദർ സൈമൺ സി. ഡി.) 209
ഈശോയുടെ തിരുനാമം.(പദ്യം) (റവ. ഫാദർ ജോസഫ് കൊട്ടപ്പന.) 10
ഉത്ഥാനകീർത്തനം. (ശ്രീമാൻ കെ. ഏ. പോൾ.) 74
ഉന്നതപരീക്ഷാവിജയികൾ. 191
ഉഷഃകാല നക്ഷത്രം. 197
എലിസേവൂസച്ചൻ അവർകളുടെ മരണം. 22
എൻെറ കർത്താവേ! എൻെറ ദൈവമേ. 204
ഒരു കുഞ്ഞുപ്രേഷിത. (ഒരു വാസ്തവ കഥ.) 161
ഒരു ബാലരക്തസാക്ഷി. (റവ. ഫാദർ ചാറൽസ്. സി. ഡി. ബി ഏ.) 174
കണ്ണുനീർതുള്ളിയുടെ വില.(വെറി. റവ. ഫാദർ. സിറിയക്ക്. ടി. ഒ. സി. ഡി.) 103
കത്തോലിക്കാസഭയുടെ വിജയം. (ശ്രീമാൻ. വി. സി. ജോർജ്ജ. ബി. ഏ.) 8
കത്തോലിക്ക സഭാതിലകം. (റവ. ജോൺ. കിഴക്കേത്തായ്യിൽ എസ്.ജേ.) 150
കത്തോലിക്ക കോൺഗ്രസ്സ്. 100
കർത്താവിൻെറ ഉയിർപ്പു. (റവ. ഫാദർ. വില്യം. സി. ഡി. എം.ഏ. എൽ.ററി). 77
കന്നിമാസഭക്തി. 195
കന്നിമരിയാകീർത്തനം. (ശ്രീമാൻ. കെ. ജോസഫ്. മുണ്ടശ്ശേരി. ബി. ഏ.) 242
കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു.(സ്വന്തം കൊച്ചച്ചൻ.)
19, 43, 67, 91, 115, 139, 163, 188, 211, 236, 258. 282

കർമ്മേലനാഥാകീർത്തനം. (ശ്രീമാൻ. എ. ററി. ദേവസ്സി.) 147
കർമ്മേലനാഥയുടെ തിരുനാൾ. (റവ. ഫാദർ. ഗ്രിഗരി. സി. ഡി.) 149
കളി കാഴ്ചമായി. (റവ. ഫാദർ ജോസഫ്. കൊട്ടപ്പന.) 227
കുരിശിൻെറ ശക്തി. (ക. നി. മൂ. സ. ബ. പീയൂസ് പട്ടക്കാരൻ.) 82
കുർബാന എന്ന ബലി. (ശ്രീമാൻ. വി. സി. ജോർജു. ബി. എ.) 131, 153,
കേരളീയ കത്തോലിക്കരുടെ ഒരു ചുമതല. (നസ്രാണിദീപിക.) 207
കേ. സി. സി. എ. ഡയറി. 21,44,68,92,117,142,164,189,212,238,261, 283
കൈതൊഴാം മാതാവേ, (പദ്യം) (ശ്രീമാൻ കേ. ടി. ലോനപ്പൻ.) 31
ഗാഗുൽത്താമലയും കുർബാനയും (റവ. ഫാദർ. തോമസ് മുഞ്ഞേലി.) 55
ഗുരുപ്പട്ട സ്വർണ്ണജൂബിലി.
(റവ. ഫാദർ പ്ലാസിഡ് സി. ഡി. പിഎച്ച് ഡി. ഡി. ഡി. ഡി. സി. എൽ. 272
ചെറുപുഷ്പസഹോദരികൾ.
റവ. ഫാദർ എജീദിയൂസ് സി. ഡി 11,36,59,87,109,138,183,205,231,253
ജപമാല ഭക്തി. 219.
ജപമാല രാജ്ഞി 226
ജർമ്മനിയുടെ അപ്പസ്തോലൻ. (റവ. ബ്രദർ തോമ്മസ്.) 228
ജൂൺമാസം. 123
ജൂബിലിസ്മാരകം. 124
ജോവാൻ ഓഫ് ആർക്ക്
(ഡോക്ടർ പി. ജെ. തോമസ് എം. എ. ബി. ലിററ് പി. എച്ച്. ഡി.) 249
തിരുനാൾ മംഗളം. 147
തിരുസഭയും യുവജനങ്ങളുടെ വിദ്യാഭ്യാസവും. 42
തിരുഹൃദയ കീർത്തനം. (ശ്രീമാൻ. വി. എസ്. അൻഡ്രൂസ്.) 123
തിരുഹൃദയ നാഥ(പദ്യം.) (ശ്രീമാൻ കെ. ജെ. അലക്ക്സാണ്ടർപായിപ്പാട്ട്.) 129
തിരുഹൃദയ നിന്ദാപരിഹാരം. (റവ. ഫാദർ. സൈമൺ. സി. ഡി.) 138
ത്രേസ്യാ മർഗ്ഗരീത്താ എന്ന ഭാഗ്യപ്പെട്ടവൾ.
(വെറി. റവ. ഫാദർ. അലക്ക്സാണ്ടർ. സി. ഡി.) 198
ദിവ്യകാരുണ്യ രക്തസാക്ഷി. 85
ദുക്റാനതിരുനാൾ (റവ. ഫാദർ സൈമൺ സി. ഡി.) 148 268
ദൈവജനനിയുടെ സ്വർഗ്ഗപ്രാപ്തി. 171
ദൈവദൂതന്മാർ (മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.) 225
ദൈവദൂതകീർത്തനം. (ശ്രീമാൻ എ. ററി. ദേവസ്സി.) 219
ദൈവമാതാവുവഴിക്ക. 113
നമ്മുടെ തീർത്ഥയാത്രാ സംഘം. 190
നമ്മുടെ മാതൃഭക്തി. 173
നന്മനിറഞ്ഞമറിയം. 106
നന്മരണ മദ്ധ്യസ്ഥൻ. 53
നവംബർമാസം. 243
നവവത്സരകീർത്തനം. (ശ്രീമാൻ. കെ. എ. പോൾ.) 1
നസ്രേത്തിലെ അശാരിപ്പുര. (പദ്യം.)
(ശ്രീമാൻ. കെ. ടി. ലോനപ്പൻ.) 254, 271
നസ്രേത്തുനഗരം. (റവ. ഫാദർ. സിറിയക്ക് കാപ്പിൽ. പി. എച്ച്. ഡി.) 7
നോമ്പുകാലം. (റവ. ഫാദർ. സൈമൺ. സി. ഡി.) 28
പത്താം പീയൂസും ദിവ്യകാരുണ്യവും.
(ക. നി. മൂ. ബ. പീയൂസു പട്ടക്കാരൻ.) 246, 279
പരസ്പരവീക്ഷണം. 79

പ. പിതാവിൻെറ ആശീർവ്വാദം. 196
പ. കന്യകയും ആദിമശതകങ്ങളും. (റവ. ഫാദർ. ഹില്ലാര്യോൻ. സി. ഡി.) 223
പഞ്ചാംഗം. 24, 48, 72, 96, 120, 144, 163, 169, 193, 217, 241, 266
പാപികളുടെ സങ്കേതം. (റവ. ഫിലിപ്പ് കാനാട്ടു.) 101
പാപികളുടെ സങ്കേതമായ മാതാവു. 114
പാപത്തെ ഭയപ്പെടുക. (ക. നി. മൂ.സ. ബ. മാണിക്കത്തനർ.) 30
പാപ്പായും രാജാവും. (റവ. ഫാദർ. സൈമൺ. സി. ഡി.) 52
പാപ്പായുടെ ആധിപത്യം. 172
പീഡാനുഭവസ്മരണ. 51
പീഡാനുഭവത്തിനുശേഷം. 75
പുതിയ പ്രസിദ്ധീകരണങ്ങൾ, 28, 69, 93, 118, 124, 148, 215, 262,
പുണ്യവാൻ. (ശ്രീമാൻ ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട്.) 252
ബാലഅപ്പസ്തോലനായ യുകീകോ. (റവ. ജോൺ കിഴക്കേത്തയ്യിൽ.) 276
ഭക്തൻെറ വിലാപം. (പദ്യം) (ശ്രീമാൻ. മുകളയിൽ ജോസഫ് വാദ്ധ്യാർ.) 175
മരിയാംബികാകീർത്തനം. 195
ഭാരതീയ കത്തോലിക്ക തത്വസമാജം. (റവ. ഫാദർ. സൈമൺ. സി. ഡി.) 76
മാലാഖമാർ. (റൈററ് റവ. മോൺസിഞ്ഞോർ. ആൻറനി പുതുശ്ശേരി.) 221
മാർഗ്രററ് സിൻക്ലെയർ. (ശ്രീമാൻ കുര്യാക്കോസ്. കൊട്ടകാരം. ബി. ഏ.) 157
മാർപ്പാപ്പായുടെ നേർക്കുള്ള ആജ്ഞാനുസരണം.
(റവ. ഫാദർ. സൈമൺ. സി. ഡി.) 18
മാർപ്പാപ്പാമംഗളം. (ശ്രീമാൻ എം. കെ. വറുഗീസുവാദ്ധ്യാർ.) 267
മിതഭക്ഷണം. 187
മിശിഹായുടെ മൂന്നാഗ്രഹങ്ങൾ
(വെറി. റവ. ഫാദർ. അലക്സാണ്ടർ. സി. ഡി.) 127
മീനമാസം. 51
മുഴുവൻ ധ്യാനപ്രചാരം. 162
മെക്സിക്കൻവേദസാക്ഷികൾ. (റവ. ജോൺ. കിഴക്കേത്തയ്യിൽ. എസ്. ജെ.) 63
മെക്സിക്കോയിൽ സമാധാനം. (റവ. ഫാദർ. സൈമൺ സി. ഡി.) 196
മെക്സിക്കോയിലെ നില. (ശ്രീമാൻ. വി. സി. ജോർജ്ജ്. ബി. ഏ.) 199
മേമാസകീർത്തനം. (ശ്രീമാൻ. ഏ. ററി. ദേവസ്സി.) 99
മേരീ മണാളകീർത്തനം. ടി. 51
മേരീസ്തവ ദശകം. (പദ്യം. (ശ്രീമാൻ. ഏ. ദാനിയേൽ. കണിയാങ്കട.) 108
യഥാർത്ഥ സത്യാന്വേഷികൾ 235
യഥാർത്ഥ സുഖം. (ശ്രീമാൻ. തോമസ് ചാണ്ടി. മുക്കാടൻ.) 256
യോഹന്നാൻ ക്രൂസ് സഹോദരൻെറ മരണം. 240
യൗസേപ്പുപിതാവിനയച്ചകത്തു. (ക. നി.മൂ.സ. ബ.പീയൂസു പട്ടക്കാരൻ.) 129
രക്തസാക്ഷി മകുടം. (റവ. ജോൺ. കിഴക്കേത്തയ്യിൽ. എസ്. ജെ.) 13
രോഗികളുടെ ശുശ്രൂഷ. 90
ലാത്തെറാൻ ഉടമ്പടി.
(റവ. ഫാദർ. ജോസഫ്. പഞ്ഞിക്കാരൻ. എം. ഏ. പി. എച്ച്. ഡി.
ഡി. ഡി. ഡി. സി. എൽ.) 79
ലെയൊനാർദച്ചൻ അവർകളുടെ മരണം. 192
വണക്കമാസം (റവ.ഫാദർ. സൈമൺ. സി. ഡി.) 99
വലിയചാക്കോച്ചൻ അവർകളുടെ നിര്യാണം. 137
വലിയ നഗരങ്ങളിലെ യുവജനങ്ങൾ. 281
വത്തിക്കാൻ പ്രതിനിധി. 208

| | |
|---|---|
| വത്തിക്കാൻ സംസ്ഥാനം. | 75 |
| വി. കുർബ്ബാനയും ശുദ്ധീകരാത്മാക്കളും. (റവ. ഫാദർ. ജോസഫ്. കൊട്ടപ്പുറ.) | 245 |
| വിശുദ്ധരുടെ അന്യോന്യ ബന്ധം. (ശ്രീമാൻ. കുര്യാക്കോസ്. കൊട്ടുകാരം. ബി. ഏ.) | 179 |
| വീണ്ടും ഒരു കൊച്ചുത്രേസ്യാ | 172 |
| ശുദ്ധീകരണതിരുനാൾ. | 27 |
| സത്യാഗ്രഹത്തിന്റെ പോക്കു. (ക. നി. മൂ. സ. ബ. പീയൂസ്. പട്ടക്കാരൻ.) | 32 |
| സഭയും സമുദായവും. (റൈറ്റ്. റവ. ഡോക്ടർ. ജെയിംസ് കാളാശ്ശേരിതിരുമനസ്സു കൊണ്ട്.) | 125 |
| സമത്വവാദവിദ്വേഷം. (റവ. ഫാദർ. സൈമൺ സി. ഡി.) | 66 |
| സംശയം നീങ്ങിപ്പോയി. (ഒരു വാസ്തവകഥ.) | 40 |
| സച്ചിന്താവലി. (ക. നി. മൂ. സ. ബ. മാണിക്കത്തനാർ.) | 155, 201 |
| സർവ്വപ്രധാനമായ ചിന്താവിഷയം. (റവ. ഫാദർ തോമസ്. മുഞ്ഞോലി.) | 177 |
| സാലേസുപുണ്യവാന്റെ ക്ഷമാശീലം. (റവ. ബ്ര. തോമസ്.) | 159 |
| സിഞ്ഞോർ മുസ്സോലിനിയുടെ കുടുംബജീവിതം. (ശ്രീമാൻ. കെ. സി. വർക്കി. ബി. ഏ. എൽ. റ്റി.) | 105 |
| സ്വർഗ്ഗനായികാ കീർത്തനം. (ശ്രീമാൻ. ജോസഫ്. ജി. പള്ളിപ്പാടൻ.) | 171 |
| ഹന്നാൻ വെള്ളം. (റവ. ഫാദർ. അഗസ്റ്റിൻ ചങ്ങനാശ്ശേരി.) | 155, 181 |



## "വിതണ്ഡാവാദ ധ്വംസനം".

### പാപ്പാധിപത്യം സംബന്ധിച്ച മി. ഐ. സി. തൽപേരുടെ കൃതികൾ.

വില ൩ അണ മാത്രം.

മി. ഐ. സി. എഴുതിയിട്ടുള്ള "പാപ്പായുടെ അധിപത്യവും' 'മദ്ധ്യസ്ഥന്മാരും, പാപ്പായുടെ ആധിപത്യം,' 'മാർപ്പാപ്പായുടെ പരമാധികാരം" എന്നീ പ്രൗഢ ലേഖനങ്ങളും, മി. എൻ. വി.യുടെ "പാപ്പാധിപത്യവാദപ്രതിവാദനിരൂപണ"വുമാണ് പുസ്തകത്തിലെ ഉള്ളടക്കം. പണം മുൻകൂർ അടച്ചോ, വി.പി. അയക്കാൻ സമ്മതിച്ചോ പതിനൊന്നേകാൽ ചക്രത്തിനു സ്റ്റാമ്പുസഹിതമോ ആവശ്യപ്പെടുന്നവർക്കു പുസ്തകം അയച്ചുകൊടുക്കുന്നതാണ്. ഈ അവസരത്തിൽ ഈ പുസ്തകത്തിന്റെ ഒരു പ്രതി ഓരോരുത്തരുടെയും കൈവശമുണ്ടായ്ക്കേണ്ടതിന്റെ ആവശ്യകത സ്പഷ്ടമാകുന്നു.

മാനേജർ, കെ.സി.സി.ഏ. സെൻട്രൽ ഡിപ്പോ മാന്നാനം.


Printed and Published for the Proprietor by P. K. Joseph at the
St. Joseph's Press Mannanam 1929.

KARMALA KUSUMAM 1929-30
C15 1929-30
02001286
Indic Digital Archive Foundation
gpura.org